# ഓർത്തഡോക്സ് യുവജനം


WORSHIP - SERVICE - STUDY


ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

ജനുവരി 2016



## പുതുവത്സരാശംസകൾ





നന്ദി.....





**കഴിഞ്ഞ മൂന്നു വർഷക്കാലം പ്രസ്ഥാനത്തിന് ധീരോദത്തമായ നേതൃത്വം നൽകിയ**

**റവ. ഫാ. മാത്യൂസ് ടി. ജോൺ** (കേന്ദ്ര വൈസ് പ്രസിഡന്റ്)

**പ്രിനു ടി. മാത്യൂസ്** (കേന്ദ്ര ട്രഷറാർ)


**Samuel Varghese**

# S. S. INDUSTRY

**PERINGARA P. O., THIRUVALLA**

**Phone : 0469 2633747    Mobile : 96050 20661**

Gate, Grill, Roofing works, Steel Hand Rails etc




EDITORIAL BOARD

## എഡിറ്റോറിയൽ ബോർഡ്

*പ്രസിഡന്റ്*
യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത

*കേന്ദ്ര വൈസ് പ്രസിഡന്റ്*
ഫാ. ഫിലിപ്പ് തരകൻ

*കേന്ദ്ര ജനറൽ സെക്രട്ടറി*
ഫാ. പി. വൈ. ജെസൻ

*കേന്ദ്ര ട്രഷറാർ & ചീഫ് എഡിറ്റർ*
ജോജി. പി. തോമസ്, പീടിയേക്കൽ

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് ജോർജ്ജ്

*ബോർഡ് അംഗങ്ങൾ*
ഏബ്രഹാം. പി കോശി
അനീഷ് കോശി സഖറിയ

**ഓർത്തഡോക്സ് യുവജനം മാസികയുടെ വരിക്കാരാകുവാൻ**

| | | |
|---|---|---|
| ഒരു വർഷം | - | 100 രൂപ |
| രണ്ട് വർഷം | - | 200 രൂപ |
| അഞ്ച് വർഷം | - | 400 രൂപ |

**പരസ്യ നിരക്ക്**

| | | |
|---|---|---|
| Back Cover | - | 15,000. 00 |
| Front Inner | - | 10000. 00 |
| Back Inner | - | 8000. 00 |
| Full Page Inner | - | 2500. 00 |
| Half Page Inner | - | 1500. 00 |

*Layout, Design & Printing*
Peediakkal, Thiruvalla
94958 37117, 94479 00996

# ഓർത്തഡോക്സ് യുവജനം

മലങ്കര ഓർത്തഡോക്സ്
യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം
വാല്യം : 8 ലക്കം : 30 ജനുവരി 2016

## ഉൾത്തുടിപ്പുകൾ

**ആ ധന്യ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം**
(അനുസ്മരണം)

**Reflections on Christian Priesthood**
Dr. Joseph Mar Dionysius Metropolitan

**യുവജനങ്ങളും പുതിയ സാമൂഹിക ക്രമവും**
ഫാ. ഡോ. കെ. എം. ജോർജ്ജ്

**ക്രിസ്മസ്സിലേക്ക് ഒരു തീർത്ഥയാത്ര**
മേരി എസ്. കരോളിൻ

**സേവന രംഗത്ത് മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റി**

**ക്രിസ്തുമസ്**
അഞ്ചു എൽസാ വർഗീസ്

**കവിത**

വിലാസം
ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്, ചുങ്കം, കോട്ടയം–1
ഫോൺ : 0481 2583997
website : www.ocymonline.org
e.mail : indianocym@gmail.com
fb group : www.facebook.com/groups/yuvajanam



## പ്രസിഡന്റിൽ നിന്നും

# ആഗമന കാലഘട്ടം

മൗനത്തിനും, ധ്യാനത്തിനും പ്രാധാന്യം കൊടുക്കുന്ന ഒരു ശ്രദ്ധേയമായ കാലഘട്ടമാണ് ആഗമനകാലം. ആദാമിന്റെ പാപം നിമിത്തം നഷ്ടപ്പെട്ടുപോയ ദൈവീക സ്വരൂപം വീണ്ടെടുക്കുവാനായി അവതാരം ചെയ്ത ത്രിത്വത്തിൽ രണ്ടാമനെ സ്വീകരിക്കുവാൻ ഒരുങ്ങുന്ന കാലഘട്ടമാണിത്. ഉല്പത്തി പുസ്തകത്തിൽ (28:10-22) യാക്കോബ് കണ്ട ദർശനത്തിൽ സ്വർഗ്ഗത്തിലേക്ക് എത്തുന്ന ഗോവണിയിലൂടെ മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നത് ദൈവപുത്രന്റെ വരവിന് മുൻപാണ്. ഈ കാലത്ത് വേദപുസ്തകത്തിൽ നിന്ന് അഞ്ച് നല്ല മനുഷ്യരെ സഭ പരിചയപ്പെടുത്തുന്നു. സഖറിയാ, ഏലിശുബാ, കന്യകമറിയാം, യോഹന്നാൻ, യൗസേഫ് എന്നിവരാണ് അവർ. പരി.മലങ്കര സംബന്ധിച്ചിടത്തോളം ഈ കാലഘട്ടത്തിന് ഒരു പ്രത്യേക കൂടിയുണ്ട്. മലങ്കരയുടെ മഹാ പരിശുദ്ധനായ പരുമല മാർ ഗ്രിഗോറിയോസിനെ മദ്ധ്യസ്ഥനായി, നമുക്കായി തന്ന ദൈവം തമ്പുരാൻ ആഗമന കാലഘട്ടത്തിന്റെ തുടക്കത്തിൽ തന്നെ സഭയ്ക്ക് മാർഗ്ഗ നിർദ്ദേശകനായി നൽകിയിരിക്കുന്നു. ആ മഹാ പരിശുദ്ധൻ ചെയ്ത് കൂട്ടിയ പ്രവർത്തനങ്ങൾ വിവരിക്കാൻ തന്നെ നമുക്ക് ബുദ്ധിമുട്ടാണ്. അത്രമാത്രം കാര്യങ്ങൾ ഒരായുസ്സിൽ അദ്ദേഹം ചെയ്ത് തീർത്തു. ദൈവവുമായി, മൗനമായി സംഭാഷണം നടത്തുകയും, അതിൽ നിന്നും ലഭിക്കുന്ന ശക്തി ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തന നിരതനാകുകയും ചെയ്യുകയായിരുന്നു ആ പരിശുദ്ധ പിതാവ്. ഈ അടുത്തയിടയിൽ ബഹുമാന്യനായ ബാബുപോൾ കഅട, ഇഹലോകാവാസം വെടിഞ്ഞ കണിയാംപറമ്പിൽ കുര്യൻ കോർ-എപ്പിസ്കോപ്പിയെക്കുറിച്ച് അനുസ്മരിക്കുമ്പോൾ, കുർബ്ബാനക്രമവും, ആരാധക്രമവും മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ആ വന്ദ്യ പിതാവാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അത് ആ മാന്യ വ്യക്തിയുടെ ശ്രദ്ധക്കുറവാണെന്നേ പറയാൻ കഴിയൂ. കോർ എപ്പിസ്കോപ്പാ അച്ചൻ ജനിക്കുന്നതിനു മുൻപേ തന്നെ പരി.പരുമല തിരുമേനി ഇവയെല്ലാം മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയും, അത് പുസത്ക രൂപത്തിലാക്കുവാൻ കോനാട്ട് മല്പാൻ അച്ചനേയും, വട്ടശ്ശേരിൽ മല്പാൻ അച്ചനെയും, കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയെയും, ഏൽപ്പിച്ചിരുന്നതായി ഇവർ ഇറക്കിയ ആദ്യ കുർബാന ക്രമത്തിന്റെ ആമുഖത്തിൽ പറഞ്ഞിരിക്കുന്നു. അതിന്റെ പദ്യരൂപങ്ങളുടെ ക്രമീകരണത്തിന് കൊട്ടാരത്തിൽ ശ്രീ.ശങ്കുണ്ണിയുടേയും സഹായം ലഭിച്ചതായി ചരിത്രം സാക്ഷിക്കുന്നു. അങ്ങനെ ആത്മീയ, സാമൂഹിക, കലാപരമായ, രാഷ്ട്രീയമായ എല്ലാ മേഖലകളിലും സാന്നിദ്ധ്യം അറിയിക്കുവാനും പ്രവർത്തനനിരതനാകുവാനും പരി.പരുമല തിരുമേനിക്ക് കഴിഞ്ഞത് മൗനത്തിന്റെയും, ധ്യാനത്തിന്റെയും പിൻബലമാണ്. അദ്ദേഹം മോശയെപ്പോലെ ദൈവത്തോട് സംഭാ

ഷിക്കുകയും, ദൈവത്തിൽ നിന്ന് കൃപ പ്രാപിക്കുകയും, മിസ്രീമിൽ നിന്നും കൂട്ടിക്കൊണ്ടുപോന്ന യിസ്രായേൽ ജനത്തെ കാളക്കുട്ടിയെ വന്ദിക്കുകയും, സേവിക്കുയും ചെയ്യുന്നതുകണ്ട് നശിപ്പിക്കാൻ ഒരുങ്ങിയപ്പോൾ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനായി നിന്ന് അഭയ യാചന നടത്തുന്ന മോശയെ നമുക്ക് കാണാം, പരി.പരുമല തിരുമേനി അപ്രകാരം തന്നെ. ഇന്നത്തെ നവീന സുവിശേഷകർക്കും പല ആദ്ധ്യാത്മിക പ്രവർത്തകർക്കും ജനത്തെ പ്രീതിപ്പെടുത്തുന്ന കാളക്കുട്ടിയെ ഉണ്ടാക്കുവാൻ തത്രപ്പെടുന്നു. മോശയുടെ പാരമ്പര്യം മുറുകെപ്പിടിക്കേണ്ട സഭാ പ്രവർത്തകരും, അത് പലപ്പോഴും മറന്നുപോകുന്നു. ചെങ്കടലിന്റെ കരയിൽ മോശ ജനത്തോട് പറയുന്നു. 'നിങ്ങൾ മിണ്ടാതെ ഇരിപ്പിൻ', ആ ശാന്തതയിങ്കലാണ് ദൈവം പ്രവർത്തിക്കുന്നതും കടൽ രണ്ടായി പിരിയുന്നതും, സങ്കീർത്തനക്കാരൻ പറയുന്നതും അതുതന്നെ, 'നിങ്ങൾ മിണ്ടാതെ ഇരുന്ന് ഞാൻ ദൈവമെന്ന് അറിയുക'.

ഈ സമയത്ത് പ്രകൃതിയും ഇതിനടിവരയിടുന്നു. മരങ്ങളുടെ ഇല പൊഴിയുകയും, മഞ്ഞ് പെയ്തിറങ്ങുകയും ചെയ്യുന്ന സ്ഥലങ്ങളിൽ ഈ കാലഘട്ടത്തിൽ ശാന്തതയും, സൗമ്യതയും നിഴലിക്കുന്നതു കാണാം. മരങ്ങൾ ഉണങ്ങിപ്പോയെന്ന് നാം കരുതി എന്ന് വരാം. പക്ഷേ, അത് അനുഗ്രഹീത തുടക്കത്തിന്റെ അല്ലെങ്കിൽ ശക്തി പ്രാപിക്കലിന്റെ മൗനവും, ധ്യാനവുമാണ്. ഒരാൾ എഴുതി രണ്ട് വരി പദ്യം ഇവിടെ കുറിക്കട്ടെ.

'മൗനത്തിൽ ത്രിവേണി സ്നാനം ചെയ്ത്,
അഴലിൻ ആഴി കടന്നു ഞാൻ'

മൗനത്തിന്റെ ത്രിവേണിയിൽ സ്നാനം ചെയ്താലെ നമ്മിലുള്ള ആധിയും, വ്യാധിയും, കൺമഷവും ആയ അഴല് കടന്ന്, സ്വസ്ഥനായി ഇരിക്കുവാൻ കഴിയുകയുള്ളൂ. ഈ ധ്യാനത്തിന്റെ അവസാനത്തിങ്കൽ അഴലും, ആധിയും കടന്ന് സ്വച്ഛന്ദമായ ഹൃദയത്തിൽ നമുക്ക് അവനെ സ്വീകരിക്കാം.

വേറൊരു കവിതയിൽ ഇപ്രകാരം ചൊല്ലുന്നു,
'ചിത്രശലഭമെ ചൊല്ലീടാമോ - ഇത്രമനോഹരിയായതെപ്പോൾ,
എത്ര വിചിത്രമീ മേനി കണ്ടാൽ -ഗാത്രം പുളകിതമാകുന്നു'.

ഈ വരികൾ ഒരു കൊച്ചുകുട്ടി ചിത്രശലഭത്തോട് ചോദിക്കുന്നതായിട്ടാണ് കവിഭാവന. കുഞ്ഞിന്റെ ഈ ചോദ്യത്തിന് ചിത്രശലഭം മറുപടി പറയുന്നു, അത് പദ്യമായി രേഖപ്പെടുത്താതെ ചുരുക്കം പറയട്ടെ. ചിത്രശലഭത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ പുഴു ആയിരുന്നപ്പോൾ കുഞ്ഞിന്റെ തേൻമാവിലെ കുരുന്ന് ഇലകളെല്ലാം ചവച്ച് തുപ്പിയിട്ട് മരവും, മുറ്റവും വൃത്തികേടാക്കിയിരുന്നു. ആ പുഴുവിനെയാണ് കുഞ്ഞ് പിന്നീട് ചിത്രശലഭമായി കാണുന്നത്. ആ വക കാര്യങ്ങൾ എല്ലാം കുഞ്ഞ് പദ്യരൂപേണ ചോദിക്കുന്നുണ്ട്. അപ്പോൾ ചിത്രശലഭം മറുപടിയായി പറയുന്നത് പദ്യമായി തന്നെ രേഖപ്പെടുത്തിയിരിക്കുന്നു എങ്കിലും, ചുരുക്കമായി ഗദ്യരൂപേണ ഞാൻ രേഖപ്പെടുത്തുന്നു ; ഞാൻ നിന്റെ തേൻമാവും മുറ്റവും വൃത്തികേടാക്കി എന്നത് ശരിയാണ്, അതിൽ മനംനൊന്ത് ഞാൻ തപസ്സിരുന്നു. അവിടന്ന് പുറത്ത് വന്നപ്പോൾ എനിക്കീ ചിറകുകൾ കിട്ടി. എന്നിട്ട് ചിത്രശലഭം പാടി പറയുന്ന അവസാന വരികൾ :

'പാറിപ്പറന്നങ്ങ് ഉയർന്ന് പോയി-പാരിനെ സൃഷ്ടിച്ച ഈശ്വരന്റെ പാദങ്ങൾ തൊട്ട് വണങ്ങി വന്നു-ഭാരമാകില്ല ഭൂമിക്ക് മേലിൽ

നമുക്കും മൗനത്തിന്റെയും, ധ്യാനത്തിന്റെയും ആഴത്തിൽ അല്ലെങ്കിൽ അടിത്തട്ടിൽ ചെന്ന് നമ്മെത്തന്നെ പുതുക്കി ദൈവകൃപ പ്രാപിച്ച് ആ ചിത്രശലഭത്തെപ്പോലെ മനോഹരിയാകുകയും, ഭൂമിക്ക് ഭാരമാകാത്ത അവസ്ഥയിൽ ചെന്ന് എത്തുകയും ചെയ്യാം.



ഏവർക്കും ക്രിസ്തുമസ്സിന്റെയും,
പുതുവത്സരത്തിന്റെയും
ആശംസകൾ നേരുന്നു.

യൂഹാനോൻ മാർ പോളികാർപ്പോസ്
മെത്രാപ്പോലീത്താ



# ജനറൽ സെക്രട്ടറിയുടെ കത്ത്.....

പ്രിയ പ്രസ്ഥാനം പ്രവർത്തകരെ,

നാം ഒരു പുതിയ വർഷത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. ശാന്തിയും സമാധാനവും നിറഞ്ഞ പുതുവത്സരം ഏവർക്കും ആശംസിക്കുന്നു.

പുതുവർഷാരംഭത്തിൽ നാം പുതിയ പുതിയ തീരുമാനങ്ങൾ എടുക്കുന്ന സമയമാണ്. നമ്മുടെ ഓരോ നിമിഷവും ദൈവസന്നിധിയിൽ സമർപ്പിതമായി മുന്നോട്ടു പോകുവാൻ ശ്രമിക്കുക. നമ്മുടെ പ്രസ്ഥാനം യൂണിറ്റുകൾ പുതിയ വർഷത്തിൽ പരിപാടികൾ സംഘടിപ്പിക്കുമ്പോൾ കുറച്ചുകൂടി ആത്മാർത്ഥതയോടുകൂടിയ ഇടപെടലുകൾ നമ്മിൽ ഓരോരുത്തരുടെയും ഭാഗത്തുനിന്നും ഉണ്ടാകണം. ഓരോ യൂണിറ്റുകളും ഓരോ പ്രസ്ഥാനങ്ങളായി മുന്നേറുവാൻ ശ്രമിക്കുമ്പോൾ നാം നമ്മിൽ തന്നെ ചെറുതാകുകയാണ്. പ്രസ്ഥാനത്തിന്റെ യൂണിറ്റുകൾ കേന്ദ്ര നിർദ്ദേശ പ്രകാരമുള്ള പരിപാടികൾ സംഘടിപ്പിക്കുകയും ഒരു വലിയ പ്രസ്ഥാനത്തിന്റെ ഭാഗമാണെന്നുള്ള ആത്മാർത്ഥമായ സമീപനം ഉണ്ടാവുകയും ചെയ്തെങ്കിലേ നമുക്ക് സംഘടനാതലത്തിൽ വളരുവാൻ കഴിയൂ. പുതിയ വർഷത്തിൽ നമ്മുടെ ഭാരവാഹികൾ കുറച്ചുകൂടി ആത്മാർത്ഥമായ സമീപനത്തോടുകൂടിയ പ്രവർത്തനങ്ങളിൽ വ്യാപൃതരാവണം. അതിന് അത്യാവശ്യമായി വേണ്ടത് വിനയവും അച്ചടക്കവുമാണ്. അച്ചടക്കമില്ലാത്ത പ്രവർത്തനങ്ങളും പ്രവർത്തകരും സഭയ്ക്കും പ്രസ്ഥാനത്തിനും അപമാനവും ആപത്തുമാണ്.

പ്രിയമുള്ളവരെ,

നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ പ്രളയ ദുരിത ബാധിതരെ സഹായിക്കുവാൻ നാം രൂപം കൊടുത്ത സ്പർശം പദ്ധതിയിൽ പങ്കാളികളായവരെ പ്രത്യേകാൽ അനുമോദിക്കുന്നു. എന്നാൽ പലയൂണിറ്റുകളും ഇടവകകളും ഇക്കാര്യത്തിൽ സഹകരിച്ചിട്ടില്ലാ എന്നത് ഖേദകരമാണ്. ചെറുതായാൽ പോലും നമ്മുടെ പങ്കാളിത്വം അതാണ് വലുത് എന്ന ചിന്തയോടുകൂടി ഇക്കാര്യത്തിൽ സഹകരിച്ചവരും ഉണ്ട്. ഇങ്ങനെയുള്ള സാഹോദര്യ ക്ഷേമ പ്രവർത്തനങ്ങളിൽ നാം പിന്നിലാണ് എന്ന് നവമാധ്യമങ്ങളിലൂടെയും മറ്റും ആരോപിക്കുന്നവർ ഇക്കാര്യത്തിൽ ചെറുവിരൽ പോലും അനക്കിയില്ല എന്നുള്ളത് ദയനീയമാണ്. ഇത് ഒരു പുനർവിചിന്തന സമയമാകണം. പ്രതിസന്ധികൾ നമ്മുടെ മുന്നിലേക്കും എത്തിച്ചേരും. അവിടെ മറ്റുള്ളവരും മൗനം ദീക്ഷിച്ചാൽ നാമും ഗതികേടിലാകും.

പ്രിയരെ, ഇങ്ങനെയുള്ള കാര്യങ്ങളിൽ കുറച്ചുകൂടി ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ നിങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

പ്രസ്ഥാനത്തിനുവേണ്ടി,

**ഫാ. പി. വൈ. ജെസൻ**
*ജനറൽ സെക്രട്ടറി*





# എഡിറ്റോറിയൽ

മാന്യരെ,

ഒരു പുതിയ വർഷത്തിലേക്ക് നാമോരോരുത്തരും കടന്നിരിക്കുകയാണ്. ആയുസ്സിന്റെ ഉടയവനായ തമ്പുരാൻ ഒരു വർഷംകൂടി നമ്മുടെ ജീവിതത്തോട് ചേർത്തിരിക്കുന്നു. ഒരു പുതിയ വർഷം കൂടി നമുക്ക് നൽകുമ്പോൾ അവിടുത്തേക്ക് എന്തോ പദ്ധതികളും സ്വപ്നങ്ങളും നമ്മുടെ മേലുണ്ട്. അത് മനസ്സിലാക്കി പുതിയ വർഷത്തിലേക്ക് കടന്നിരിക്കുന്ന നമുക്ക് നമ്മുടെ മനസ്സിനെ പുതിയ അനുഭവങ്ങൾക്കും അത്ഭുതങ്ങൾക്കുമായി തുറന്നു കൊടുക്കാം. ഈ പുതുവർഷത്തിൽ പുതിയ സ്വപ്നങ്ങളും ദർശനങ്ങളും തീരുമാനങ്ങളും നമുക്കുണ്ടാവണം. നമ്മുടെ മനസ്സും ചിന്തകളും സ്വപ്നങ്ങളും ഒരിക്കലും മുരടിച്ചു പോകരുത്. എന്തെന്നാൽ മുരടിച്ച് വാർദ്ധക്യം ബാധിച്ച മനസ്സുകൾ യുവാക്കളെപ്പോലും വൃദ്ധരാക്കുന്നു.

നമ്മുടെ കഴിഞ്ഞുപോയ ദിവസങ്ങളും വർഷങ്ങളും ഒരുപക്ഷേ തകർച്ചയുടെയോ പരാജയത്തിന്റെയോ ആയിരിക്കാം. നാം ആഗ്രഹിച്ചതുപോലെയും മോഹിച്ചതുപോലെയുമൊന്നും ജീവിക്കാൻ പറ്റാതെ പോയ വർഷമായിരിക്കാം കഴിഞ്ഞുപോയത്. ആഗ്രഹിച്ച കാര്യങ്ങളൊന്നും ഒരു പക്ഷേ പോയ വർഷങ്ങളിൽ നേടുവാനും സാധിച്ചില്ലായിരിക്കാം. അനേകം പ്രതീക്ഷകൾ ഉള്ളവരായ നമുക്ക് പുതുവർഷത്തിൽ പുതിയ തീരുമാനങ്ങളിലൂടെയും ദർശനങ്ങളിലൂടെയും ഒന്നിച്ച് മുന്നേറാം.

നമ്മുടെ പ്രസ്ഥാനത്തിന്റെ "സ്പർശം" ചെന്നൈ സഹായ പദ്ധതി കൂടുതൽ വിജയത്തിലേക്ക് എത്തിച്ചേരുവാൻ ഏവരുടേയും പ്രാർത്ഥനയും സഹകരണവും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

പ്രസ്ഥാനത്തിന്റെ മുഖപത്രമായ ഓർത്തഡോക്സ് യുവജനം മാസികയുടെ ചീഫ് എഡിറ്ററായി കഴിഞ്ഞ മൂന്നര വർഷക്കാലം (2012 മെയ് 1 മുതൽ) പ്രവർത്തിക്കുവാൻ സാധിച്ചത് ദൈവാനുഗ്രഹമായി കരുതുന്നു. പ്രസ്ഥാനത്തിന്റെയും മാസികയുടെയും വളർച്ചയ്ക്ക് അഹോരാത്രം നേതൃത്വം നൽകുന്ന നമ്മുടെ പ്രസിഡന്റ് അഭി. യൂഹാനോൻ മാർ പോളികർപ്പോസ് തിരുമേനിയുടെ പിന്തുണയും, പ്രോത്സാഹനവും, സ്നേഹവും മാസികയുടെ പ്രസിദ്ധീകരണത്തിന് നേതൃത്വം നൽകുവാൻ എനിക്ക് പ്രേരകവും സഹായകവും ആയിത്തീർന്നിട്ടുണ്ട്. അഭിവന്ദ്യ തിരുമേനിയോടുള്ള നന്ദി വാക്കുകൾക്ക് അതീതമാണ്.

രണ്ടു കാലയളവിലായി പ്രസ്ഥാനത്തിനും മാസികയ്ക്കും ധീരോദത്തമായ നേതൃത്വം നൽകിയവർ വിശേഷാൽ ജനറൽ സെക്രട്ടറിയായിരുന്ന റവ. ഫാ. സ്റ്റീഫൻ വർഗീസ്, വൈസ് പ്രസിഡന്റുമാരായിരുന്ന റവ. ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ, റവ. ഫാ. മാത്യൂസ് ജോൺ, ട്രഷറന്മാരായിരുന്ന ശ്രീ. ഉമ്മൻ ജോൺ, ശ്രീ. പ്രിനു ടി. മാത്യൂസ്, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായിരുന്ന ശ്രീ. രഞ്ചു മാത്യു, ശ്രീ. അനിൽ ഇ. റ്റി. സി., ശ്രീ. പ്രസാദ് ഏബ്രഹാം വർഗീസ്, ശ്രീ. ജെറിൻ ജേക്കബ് കോശി എന്നിവരുടെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു.

മാസികയുടെ പ്രസിദ്ധീകരണത്തിന് ഏറ്റവും സഹായകമായി പ്രവർത്തിക്കുകയും, സഹോദര തുല്യം സ്നേഹിക്കുകയും ചെയ്യുന്ന ജനറൽ സെക്രട്ടറി ബഹു. പി. വൈ. ജെസനച്ചനോടും, എന്നോടൊപ്പം മാനേജിംഗ് എഡിറ്ററായി പ്രവർത്തിച്ച തോമസ് ജോർജ് അച്ചനോടുമുള്ള നന്ദി നിസ്സീമമാണ്.

കൂടാതെ കേന്ദ്ര സെക്രട്ടറിമാർ, കേന്ദ്ര കമ്മറ്റിയംഗങ്ങൾ, ഭദ്രാസന വൈസ് പ്രസിഡന്റ്മാർ, സെക്രട്ടറിമാർ, ഭദ്രാസന സമിതി അംഗങ്ങൾ, വിവിധ യൂണിറ്റുകൾ, ലേഖനങ്ങൾ, പരസ്യങ്ങൾ എന്നിവ നൽകി സഹകരിച്ചവർ എന്നിവരോടുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

നാളിതുവരെ നൽകിയ എല്ലാ സഹായ സഹകരണങ്ങളും തുടർന്ന് പ്രതീക്ഷിച്ചുകൊണ്ട്.......

പുതുവത്സരാശംസകളോടെ,

***ജോജി പി. തോമസ് പീടിയേക്കൽ***
*(ചീഫ് എഡിറ്റർ)*

# ആ ധന്യജീവിതത്തിലേക്ക് ഒരെത്തിനോട്ടം



(പരി. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായെക്കുറിച്ച് തന്റെ പ്രിയ ശിഷ്യനായ യോഹന്നാൻ മല്പാൻ അച്ചന്റെ അനുസ്മരണം - പിന്നീട് യൂഹാനോൻ മാർ സേവേറിയോസ്)

ഭാരതം ഋഷീശ്വരന്മാരുടെയും രാജർഷിമാരുടെയും അനുഗ്രഹീത ജീവിതത്തിൽ ധന്യമാണ്. സർവ്വസംഗപരിത്യാഗികളായ മുനീന്ദ്രന്മാരും, സാത്വികരജോഗുണനിബിഡരായ ഭരണാധിപന്മാരും ഈ പുണ്യ ഭൂവിൽ ജീവിച്ചിട്ടുണ്ട്. മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ ഭരണാധിപരന്മാരായിത്തീർന്നിട്ടുള്ള മേൽപ്പട്ടക്കാർ സഭയുടെ ഔദ്യോഗിക ഭരണകർത്താക്കൾ എന്ന നിലയേക്കാൾ മഹർഷിമാരുടേയും സന്യാസികളുടെയും ജീവിതചര്യകൾ അവലംബിച്ചിട്ടുള്ള പുണ്യപുരുഷന്മാരെന്ന നിലയിലാണ് ഇന്നും അനുസ്മരിക്കപ്പെടുക. ഭരണാധികാരവും തപോവൃത്തിയും ഒരേ സമയത്ത് പാലിക്കുന്നവരാണല്ലോ രാജർഷിമാർ. കാലം ചെയ്ത പരി.കാലോതിക്കാ ബാവാ തിരുമനസ്സുകൊണ്ട് ആ ഉൽകൃഷ്ട പന്ഥാവിൽ ചരിച്ചിട്ടുള്ള ഒരു പുണ്യ ദേഹമാണ്. അദ്ദേഹം പൗരസ്ത്യ ശ്ലൈഹിക സിംഹാസനത്തിന്റെ അധിപനും, മലങ്കര സുറിയാനി സഭയുടെ അനിഷേധ്യ നേതാവും, അന്യൂനമായ തപോവൃത്തിയുടെ മകുടോദാഹരണവുമായിരുന്നു. മൂന്നു നാലു തലമുറക്കാലത്തെ സഭയുടെ ആരോഹണവരോഹണങ്ങൾക്ക് അദ്ദേഹത്തിന്റെ ജീവിതം സാക്ഷ്യം വഹിച്ചു. ഇന്നു ലോകത്തിലുള്ള സർവ്വ സഭകളുടെയും അദ്ധ്യക്ഷന്മാർ ഹൃദയപൂർവ്വം അദ്ദേഹത്തെ ആദരിക്കുന്നു. ഒരിക്കലെങ്കിലും തിരുമേനിയെ കണ്ടിട്ടുള്ള ഏതൊരു വ്യക്തിയും തിരുമേനിയുടെ വ്യക്തി പ്രഭാവത്തിന്റെ മുമ്പിൽ അഞ്ജലീബദ്ധരാകാതിരുന്നിട്ടില്ല. അനേകം പാത്രിയർക്കീസന്മാരുടെയും, മെത്രാപ്പോലീത്തന്മാരുടേയും ബഹുമാനങ്ങൾക്ക് അദ്ദേഹം പാത്രിഭൂതനായിട്ടുണ്ട്. ഇതിന്റെയൊന്നും കാരണം അദ്ദേഹത്തിന്റെ ലൗകീകവിജ്ഞാനമോ, അധികാര പ്രൗഡിയോ, സമ്പൽ സമൃദ്ധിയോ ആയിരുന്നില്ല. എന്നാലോ, ദൈവത്തെ ധനമായിക്കരുതിയിരുന്നതുകൊണ്ടും, തപശ്ചര്യയിൽ കൂടിയുള്ള സിദ്ധി വിശേഷങ്ങൾ മൂലം ഉത്ഭുതമാകുന്ന തേജോമയമായ ജീവിത വൈശിഷ്ട്യം കൊണ്ടും ആയിരുന്നു. തിരുമനസ്സിലെ ജീവിതത്തിൽ അകൃത്രിമരമണീയമായി പൊന്തി നിന്നിരുന്ന സ്വഭാവ വിശേഷങ്ങളും അപദാനങ്ങളും വളരെയാണ്. അവയിൽ ഏതാനും ചിലവയെ സൂചിപ്പിക്കുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ.

**1. വിശ്വാസസ്ഥൈര്യം**

ബാവാ തിരുമനസ്സുകൊണ്ട് ഓർത്തഡോക്സ് സഭയുടെ വിശ്വാസത്തിൽ അടിയുറച്ചയാളായിരുന്നുവെന്നത് സർവ്വവിദിതമാണ്. ആധുനീക നിലയിലുള്ള ബിരുദങ്ങളൊന്നും ഇല്ലായിരുന്നെങ്കിലും വേദ

ശാസ്ത്രം, കാനോൻ, ചരിത്രം മുതലായവയിൽ തിരുമേനിക്ക് അപാരമായ പാണ്ഡിത്യം സംസിദ്ധമായിരുന്നു. മലങ്കര സഭ വ്യവഹാരങ്ങളുടെയും മത്സരങ്ങളുടെയും നീർച്ചുഴിയിൽ കിടന്നു നട്ടം തരിഞ്ഞിരുന്നപ്പോഴും വിശ്വാസ സംബന്ധമായോ, ആരാധനാ സംബന്ധമായോ യാതൊരു വ്യത്യാസവും ഉണ്ടാകാതിരിക്കത്തക്കവണ്ണം തിരുമസ്സിലെ കയ്യിൽ സഭയുടെ കടിഞ്ഞാൺ സുരക്ഷിതമായിരുന്നു. സഭയുടെ വിശ്വാസത്തിലോ, ആചാരങ്ങളിലോ എവിടെ നിന്നെങ്കിലും വല്ല വ്യത്യാസത്തിന്റെ നേരിയ കാണികയെങ്കിലും കണ്ടാൽ അപ്പോൾ തന്നെ തിരുമേനി പ്രതിരോധിച്ചിരുന്നു. ചിലർ വെറും യാഥാസ്ഥിതിക മന:സ്ഥിതി മൂലം പഴയവയെ മുറുകെ പിടിക്കുകയും പുതിയവയ്ക്കു ചെവി കൊടുക്കാതിരിക്കുകയും ചെയ്യുന്നതായി കാണാം. എന്നാൽ തിരുമേനി തന്റെ ചിന്തയുടേയം പാണ്ഡിത്വത്തിന്റെയും, ഭക്തിയുടെയും ഫലമായിട്ടുണ്ടായ ഉൾപ്രേരണയാലാണ് വിശ്വാസ സത്യങ്ങളെ വിവേചിച്ച് മനസ്സിലാക്കി അവയിൽ ഉറച്ചു നിന്നിട്ടുള്ളത്. സംശയ നിവാരണങ്ങൾക്കും കൂടിയാലോചനകൾക്കും ഐക്യസംരംഭങ്ങൾക്കുമായി തിരുമേനിയെ സമീപിച്ചിട്ടുള്ളവരെല്ലാം തിരുമേനിയുടെ വിശ്വാസദാർഢ്യത്തെക്കുറിച്ച് ഇരട്ടി മതിപ്പോടുകൂടിയേ മടങ്ങിപ്പോന്നിട്ടുള്ളൂ. എന്നുമാത്രമല്ല നമ്മുടെ വിശ്വാസാചാരങ്ങൾ പൂർണ്ണമായും ശരിയാണെന്നു ഒരു ബോധ്യവും അവരിൽ രൂഢ മൂലമാക്കുവാൻ തിരുമേനിക്കു സാധിച്ചിട്ടുണ്ട്. വിശ്വാസ സംബന്ധമായ സംഗതികളിൽ വിട്ടുവീഴ്ച മനോഭാവം വലിയ പാപമാണെന്നാണു തിരുമേനി പഠിപ്പിച്ചിരുന്നത്. തന്റെ പ്രസംഗങ്ങളിലും ചാക്രിയ ലേഖനങ്ങളിലുമെല്ലാം വിശ്വാസ സംബന്ധമായ കാര്യങ്ങൾ പ്രത്യേകം എടുത്തു പറയുമായിരുന്നു. അതേ സമയം principles ന് ഭംഗം വരാതെയുള്ള ഐക്യസംഭരങ്ങൾക്കും സമ്മേളനങ്ങൾക്കും തിരുമേനി അനുകൂലാഭിപ്രായമേ പുറപ്പെടുവിച്ചിട്ടുള്ളൂ. തിരുമേനിയുടെ ആ ഉറച്ച നിലപാട് ഇന്നുള്ള മറ്റ് തിരുമേനിമാർക്ക് മാർഗ്ഗദർശനം നൽകി കൊണ്ടിരിക്കുന്നു എന്നുള്ളത് ചാരിതാർത്ഥ്യാജനകമാണ്.

**2. ജീവിതനിഷ്ഠയും ക്രമഭംഗിയും**

പ്രാർത്ഥന, വായന, ഭക്ഷണം, വിശ്രമം മുതലായ പ്രതിദിനചര്യകളിലും തന്റെ അത്യുന്നതമായ പദവിക്കനുസരിച്ച് മറ്റുള്ളവരോട് സ്നേഹ വാത്സല്യങ്ങളോടുകൂടി പെരുമാറുന്നതിലും തിരുമനസ്സിലേക്ക് നിശ്ചിതമായ രീതികൾ ഉണ്ടായിരുന്നു. ജീവിതത്തിൽ നിഷ്ഠയില്ലാത്ത ഒരു വ്യക്തിക്ക് ഉയരുക സാദ്ധ്യമല്ലല്ലോ. കൃത്യനിഷ്ടക്കുപേരുകേട്ടവരായ പാശ്ചാത്യരെപ്പോലും അതിശയിക്കത്തക്കവിധം തിരുമനസ്സു കൊണ്ട് അക്കാര്യത്തിൽ പ്രശംസനീയമാംവണ്ണം വിരാജിച്ചിരുന്നു. പ്രാർത്ഥനകൾ തക്കസമയത്തുതന്നെ നിർവ്വഹിക്കുന്നതിൽ മുൻഗാമികൾ പാലിച്ചിരുന്ന നിഷ്കർഷ തിരുമേനിയും അഭംഗം പാലിച്ചു. യാത്രയിലായാലും രോഗക്കിടക്കയിലായാലും പ്രാർത്ഥനകൾ മുടങ്ങിയതായ ഒരു സന്ദർഭം തന്റെ ദീർഘമായ ജീവിതത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല. സുറിയാനി സഭയിലെ ഒരു മേൽപ്പട്ടക്കാരൻ ഒരു ദയറാക്കാരൻ കൂടിയാകയാൽ കാനോനിക പ്രാർത്ഥനകളും (രഹസ്യ പ്രാർത്ഥനകളും) കൂടി നടത്തുവാൻ ചുമതലപ്പെട്ടവനാണ്. അക്കാര്യത്തിലും തിരുമേനി മുടക്കം വരുത്തിയിട്ടില്ല. തിരുമേനി ദയറാക്കാരനായിരുന്ന കാലത്ത് മേൽപ്പറഞ്ഞ രഹസ്യ പ്രാർത്ഥനകൾ തർജ്ജമ ചെയ്ത് അച്ചടിപ്പിച്ചിട്ടുള്ളത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. സഭയിൽ ഒരാൾക്ക് ഉയരാവുന്ന ഏറ്റവും വലിയ സ്ഥാനമായ മഹാ പ്രധാനാചാര്യത്വത്തിൽ എത്തിച്ചേർന്നിട്ടും താൻ ഒരു ദയറക്കാരനാണെന്നുള്ള ബോധ്യം തിരുമേനിയെ വിട്ടുമാറാഞ്ഞതാണ് തിരുമേനിയുടെ ഉയർച്ചയ്ക്കുള്ള ഒരു കാരണം. തിരുമേനി യാത്രയിലും, നിത്യേനെയുള്ള ആരാധനകളിലും എല്ലാം കറുത്ത പുറങ്കുപ്പായം ധരിക്കുക സാധാരണമാണ്. കറുത്ത പുറങ്കുപ്പായം ധരിക്കുന്നത് ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്മാരുടെ സവിശേഷതയാണ്. വലിയതും ചെറുതുമായ ഓരോ സംഗതിയിലും തിരുമേനി നിഷ്ഠ പ്രദർശിപ്പിച്ചിരുന്നു.അതുപോലെ വി.കുർബ്ബാനയ്ക്കും മറ്റ് ശുശ്രൂഷകൾക്കും ഉള്ള ഒരുക്കങ്ങളും ഏവരുടേയും ശ്രദ്ധേയേ ആകർഷിക്കുന്നവയായിരുന്നു. അതിനുള്ള ഒരുക്കങ്ങൾ നടത്തുന്നതിൽ തിരുമനസ്സിലേക്ക് എന്തെങ്കിലും തടസ്സമോ താമസമോ കൂടെയുള്ളവരിൽ നിന്നും ഉണ്ടാകുന്നപക്ഷം അവരെ ശാസിക്കുകയോ, ഉദ്ബോധിപ്പിക്കുകയോ ചെയ്യുന്നതിൽ യാതൊരു ദാക്ഷിണ്യവും കാണിക്കുകയില്ലായിരുന്നു. അങ്ങനെയുള്ള ശാസനകൾ പിൽക്കാലങ്ങളിൽ വളരെ പ്രയോജനപ്പെട്ടിട്ടുണ്ട് എന്നു പറയുന്ന അനേകരെ കണ്ടിട്ടുണ്ട്.

**3. ഭക്തിനിർഭരമായ ശുശ്രൂഷകൾ**

തിരുമനസ്സുകൊണ്ട് ഏതു പള്ളിയിൽ സന്നിഹിതനായാലും അവിടെയെല്ലാം ആളുകൾ കക്ഷി വ്യത്യാസമില്ലാതെ തടിച്ചുകൂടിക്കൊണ്ടിരുന്നു. എത്രയായിരം ജനങ്ങളും നിരവധി വൈദികരും ഉണ്ടായിരുന്നാലും അവരെല്ലാവരെക്കാളും, എല്ലാവിധത്തിലും തിരുമേനി മുന്തി നിന്നിരുന്നുവെന്നത് ഒരു പരമാർത്ഥമാണ്. ആകാരസൗഷ്ടവം, മുഖത്തുനിന്ന് പ്രസരിക്കുന്ന തേജസ്സ്, ഇടിനാദതുല്യമായ ശബ്ദ ഗാംഭീര്യം, ശുശ്രൂഷകൾ നടത്തുന്നതിലുള്ള വശ്യത, ക്രിയകൾ നിർവ്വഹിക്കുന്നതിലുള്ള മനോഹാരിത, ചിട്ടയിലും അടുക്കിലും ധരിച്ചിരുന്ന വേഷവിധാനങ്ങൾ മുതലായവയെല്ലാം യാതൊരു കൃത്രിമത്വവും കൂടാ തെ ഇണങ്ങിച്ചേർന്നിരുന്നുവെന്നതിന് ഇന്നുള്ള സകലരും സാക്ഷികളാണ്. എത്ര വില കുറഞ്ഞ

തിരുവസ്ത്രങ്ങൾ ധരിച്ചാലും യാതൊരു അഭംഗിയോ അപാകതയോ കണ്ടിട്ടില്ല. എന്നല്ല അവ തിരുമേനി അണിഞ്ഞാൽ അവ വില കുറഞ്ഞവയായിട്ടൊട്ടു തോന്നുകയുമില്ല. ശുശ്രൂഷകൾ നടത്തുന്നവർ അവയുടെ സാരാംശം മനസ്സിലാക്കി അവയുടെ ഉള്ളിലേക്കു പ്രവേശിക്കുമ്പോൾ അവ എത്ര ദീർഘമായാലും വിരസത തീണ്ടാതെ ഉന്മേഷവും ആത്മസന്തോഷവും നിറഞ്ഞവരായി തീരുമെന്നുള്ളത് തിരുമേനിയുടെ ശുശ്രൂഷകൾ കണ്ടിട്ടുള്ളവർക്കറിയാം. കുറെ വർഷങ്ങളായി വാർദ്ധക്യ സഹജമായ ക്ഷീണത്തിലും ശാരീരിക അസ്വാസ്ഥ്യങ്ങളിലുമാണ് തിരുമേനി കഴിഞ്ഞുകൂടി വന്നത്. എന്നിരുന്നാലും ഞായറാഴ്ചകളാകട്ടെ മാറാനായ പെരുന്നാളുകളാകട്ടെ വരുമ്പോൾ വേറെയാരെല്ലാമുണ്ടായാലും നിവൃത്തിയുണ്ടെങ്കിൽ തിരുമേനി തന്നെ വി. ബലിയർപ്പിക്കുകയും പ്രധാന ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്യുമായിരുന്നു. ഏത് ശുശ്രൂഷകൾ നടത്തിക്കഴിഞ്ഞും "അടുത്ത കൊല്ലം ഇത് നടത്തുവാൻ സാധിക്കുമോ എന്ന് ആർക്കറിയാം.''.

### 4. ഉത്തേജക ജനകങ്ങളായ പ്രസംഗങ്ങൾ

ജന്മസിദ്ധമായ വാസനാ വിശേഷം കൊണ്ട് പ്രസംഗകലയിൽ അനുഗ്രഹീതരായവരെയും, പാണ്ഡിത്യത്തിന്റെയും, പരിശ്രമത്തിന്റെയും ഫലമായി പ്രാസംഗികരായിത്തീർന്നവരെയും നാം കണ്ടിട്ടുണ്ട്. എന്നാൽ തിരുമേനിയുടെ പ്രസംഗങ്ങൾ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായിരുന്നു. മുൻകൂട്ടി തയ്യാർ ചെയ്ത പ്രസംഗങ്ങൾ തിരുമേനി പറഞ്ഞിട്ടില്ല. കുർബ്ബാന സമയത്തുള്ള പ്രസംഗങ്ങളുടെ വിഷയങ്ങൾ നമുക്ക് പരിചിതങ്ങളായിരുന്നാലും തിരുമേനി പ്രസംഗിക്കുമ്പോൾ അതിന് ഒരു നിത്യനൂതനത്വം ദൃശ്യമായിരുന്നു. വലിയ മീറ്റിംഗുകളിലും, മലങ്കര അസോസിയേഷൻ പോലുള്ള വമ്പിച്ച സദസ്സുകളിലും സന്ദർഭോചിതമായുള്ള പ്രസംഗങ്ങൾ തിരുമേനിയിൽ നിന്നും ബഹിർഗമിച്ചിട്ടുണ്ട്. മലങ്കര സുറിയാനി സഭയിൽ അഭിപ്രായ വ്യത്യാസങ്ങൾ നിലവിലിരുന്ന കാലങ്ങളിലും തിരുമേനിയുടെ വ്യക്തി പ്രഭാവത്തെയോ ജീവിതനിഷ്ടയെയോ ആർക്കും ചോദ്യം ചെയ്യാൻ സാധിച്ചിട്ടില്ല.

### 5. ഹൃദയ വിശാലത

നേതൃസ്ഥാനത്ത് വരുന്നവർക്ക് ഉണ്ടായിരിക്കേണ്ടതായ ഒരു വിശിഷ്ട ഗുണമാണ് ഹൃദയ വിശാലത. സ്വന്ത അഭിപ്രായത്തിൽപ്പെടാത്ത ഒരുവന്റെ വ്യക്തിത്വത്തെ മാനിക്കുന്നതു വിശാലതയുടെ ലക്ഷണമാണ്. സഭയുടെ വിശ്വാസ സത്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ മുതലായവയെ ഹൃദയപൂർവ്വമായ താൽപ്പര്യത്തോടെ തിരുമേനി മുറുകെപ്പിടിച്ചിരുന്നു. അക്കാര്യത്തിൽ ഒരു വിട്ടുവീഴാച്ചാമനോഭാവം പ്രകടിപ്പിക്കുക ശരിയുമല്ലല്ലോ. എന്നാൽ ഒരാൾ സ്വന്തകക്ഷിയിലോ, സ്വന്ത വിശ്വാസത്തിലോ ഉൾപ്പെട്ടവനല്ല എന്നു വിചാരിച്ച് അയാളെ അവജ്ഞയോടുകൂടി തിരുമേനി വീക്ഷിച്ചിരുന്നില്ല. റോമൻ കത്തോലിക്കർ, പ്രൊട്ടസ്റ്റന്റുകാർ, മുതലായ മറ്റു ക്രിസ്തീയ സഹോദരങ്ങളും, ഹൈന്ദവർ, മുഹമ്മദീയർ മുതലായ ക്രിസ്ത്യേതര സഹോദരങ്ങളും തിരുമേനിയെ സമീപിച്ചിട്ടുള്ളപ്പോഴൊക്കെയും എത്രയും ഹൃദ്യമായ രീതിയിൽ അവരോടു പെരുമാറുകയും സൽക്കരിക്കുകയും ചെയ്യുമായിരുന്നു. മലങ്കര സഭയെ സന്ദർശിക്കുവാൻ വന്നുകൊണ്ടിരുന്ന വിദേശ ഓർത്തഡോക്സ് സഭാംഗങ്ങളും, പാശ്ചാത്യരും തിരുമേനിയെക്കുറിച്ച് എത്രയും ഉൽകൃഷ്ടമായ അഭിമതത്തോടെയല്ലാതെ മടങ്ങിയിട്ടില്ല. അവരെല്ലാം തിരുമേനിയുടെ വിശ്വാസ കാര്യങ്ങളിലുള്ള അചഞ്ചലമായ നിലപാടിനെ മുക്തകണ്ഠം പ്രശംസിക്കുകയാണ് ചെയ്തത്. സഭയിലെ സമാധാനത്തിൽ മറ്റാരെയുംകാൾ കൂടുതൽ സന്തോഷിച്ചതു തിരുമേനിയാണ്. അതിനുവേണ്ടി ഏറ്റം കൂടുതലായി അദ്ധ്വാനിച്ചതും തിരുമേനി തന്നെ. സമാധാന ചിഹ്നമായി പരി. പാത്രിയാർക്കീസ് ബാവായ്ക്ക് ഒരു സ്വർണ്ണക്കുരിശും, മാലയും തിരുമേനി സമ്മാനിക്കുകയും ചെയ്തു. പാത്രിയാർക്കീസ് ബാവാ തിരുമനസ്സിലെ എഴുത്തുകളിൽ, തിരുമേനിയെ എത്രയും ബഹുമാനപൂർവ്വ സംബോധന ചെയ്യുമായിരുന്നു. കക്ഷി മത്സരങ്ങളും വ്യവഹാരപ്പിശറുകളും കൊടുമ്പിരികൊണ്ടിരുന്ന കാലത്തുപോലും അന്നു മറുഭാഗത്തു നിന്നിരുന്ന ശെമ്മാശ്ശന്മാരും, അച്ചന്മാരും തിരുമേനിയുടെ കൂടെ താമസിക്കുകയും പഠിക്കുകയും അവരെയെല്ലാം പുത്രനിർവ്വിശേഷമായ വാത്സല്യത്തോടെ ലാളിക്കുകയും ചെയ്തിരുന്നു എന്നതിന് അതിന്റെ അനുഭവക്കാർ സാക്ഷികളാണ്.

അതുപോലെ തന്നെ തിരുമേനി പ്രായാധിക്യനായിരുന്നുവെങ്കിലും നവീനങ്ങളായ ആശയങ്ങൾ ഉൾക്കൊള്ളുന്നതിനു വൈമുഖ്യം പ്രദർശിപ്പിച്ചിരുന്നില്ല. ചില അഭ്യസ്തവിദ്യരോട് തിരുമേനി പറയുമായിരുന്നു. "നിങ്ങൾ വിചാരിക്കും, ഞാൻ പരിഷ്ക്കാരമില്ലാത്തവനും വയസ്സനുമാണെന്ന്. ഞാൻ നിങ്ങളേക്കാൾ പരിഷ്ക്കാരിയാണെന്ന് മനസ്സിലാക്കണം." ഇങ്ങനെ പറയുവാൻ കാരണമുണ്ട്. ഒന്നാമത് ദീർഘമായ ജീവിതം, പ്രത്യേകിച്ചു നിഷ്ഠാപൂർവ്വമായ ആത്മീക ജീവിതം അനേകം കലാശാലകളിലെ വിദ്യാഭ്യാസത്തിനെത്തെക്കാൾ മികച്ചതാണ്. രണ്ടാമത് മലങ്കര സഭയിലെ യാതൊരു മേൽപ്പട്ടക്കാർക്കും അതുവരെ ലഭിച്ചിട്ടില്ലാത്ത വിധത്തിലുള്ള വിദേശ പര്യടന വിജ്ഞാനം തിരുമേനി ലഭിച്ചു. പാശ്ചാത്യവും പൗരസ്ത്യവുമായ ക്രിസ്തീയ സംസ്ക്കാരവും പ്രാചീനവും ആധുനീകവുമായ ലോകസംഭവങ്ങളും ആ ദൃഷ്ടികളുടെ മുമ്പിലൂടെ കടന്നു പോയി. പ്രസ്താവയോഗ്യമല്ലാത്ത വാക്കുകളുപയോഗിച്ച് തിരുമേനിയെ നാമകരണം ചെയ്തി

രുന്നവരോടു പോലും വിശാല ഹൃദയത്തോടെയല്ലാതെ പെരുമാറി യിട്ടില്ല.

### 6. പക്ഷാഭേദരാഹിത്യം

തിരുമനസ്സിലെ അഭിപ്രായ പ്രകാരം കുറ്റകരമായോ അച്ചടക്ക വിരുദ്ധമായോ ഉള്ള പെരുമാറ്റങ്ങൾ ആരിൽ കണ്ടാലും മുഖം നോക്കാതെ തുറന്നുപറയുമായിരുന്നു. അങ്ങനെ പറയുന്നത് വ്യക്തിപരമായ വിരോധം കൊണ്ടല്ലാതിരുന്നതിനാൽ ആർക്കും അതിൽ പരിഭവമോ അസഹിഷ്ണുതയോ തോന്നിയിട്ടില്ല. വലിയവനെന്നോ ചെറിയവനെന്നോ, പണ്ഡിതനെന്നോ പാമരനെന്നോ ഉള്ള പരിഗണന ഇക്കാര്യത്തിൽ ഒട്ടുമില്ലായിരുന്നു. മെത്രാപ്പോലീത്തയായിരുന്ന മിക്ക അവസരങ്ങളിലും തിരുമേനി താമസിച്ചിരുന്ന പരുമല, കുണ്ടറ, പത്തനംതിട്ട മുതലായ സ്ഥലങ്ങളിലും ചുറ്റുപാടുകളിലുമുള്ളയാളുകൾ ഭയഭക്തി ബഹുമാനങ്ങളോടെയല്ലാതെ തിരുമേനിയുടെ നാമം ഉച്ചരിക്കയില്ല. തിരുമേനിയുള്ള ഒരു സദസ്സിലോ പള്ളിയിലോ ആ സാന്നിദ്ധ്യത്തിന്റെ സവിശേഷത പ്രകടമാകാതിരിക്കയില്ല. ആർക്കും അവിടെ ഒരു ദു:സ്വാതന്ത്ര്യത്തിനോ തന്നിഷ്ടത്തിനോ സന്ദർഭം ഉണ്ടാകുകയില്ല.

### 7. ലളിത ജീവിതം


നമ്മുടെ മേൽപ്പട്ടക്കാർ എല്ലാവരും തന്നെ ആശയങ്ങളിൽ ഉൽകൃഷ്ടരും ജീവിത രീതിയിൽ ലാളിത്യം പാലിച്ചിരുന്നവരും ആകുന്നു. മേൽപ്പട്ടക്കാർ ആഡംബരമോഹികളും ബഹുജനങ്ങളിൽ നിന്ന് അകന്ന ജീവിതം നിലവാരം പുലർത്തുന്നവരുമാണെന്ന് അറിഞ്ഞോ അറിയാതെയോ ചിലർ സംസാരിക്കുന്നതു കേട്ടിട്ടുണ്ട്. അത് എങ്ങിനെയാണെന്ന് മനസ്സിലാക്കാൻ വിഷമം. സാധാരണക്കാരനായ, ഒരാൾ കഴിയുന്ന രീതിയിലോ ചിലപ്പോൾ അൽപ്പംകൂടി ലളിതമായ രീതിയിലോ ആണ് നമ്മുടെ മേൽപ്പട്ടക്കാർ കഴിയുന്നത്. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തപ്പെട്ടിരിക്കുവാൻ ആവശ്യമായ വേഷം ധരിച്ചിരിക്കേണ്ടത് അത്യാവശ്യമാണ്. അതും ആവശ്യമില്ലെന്നു പറയുന്ന ചില puritan ചിന്താഗതിക്കാർ കണ്ടേക്കാം. വേഷത്തിൽ വ്യത്യാസമുണ്ടെന്നല്ലാതെ ജീവിതചര്യകളിൽ ഏതെങ്കിലും ആഡംബരമോ ബഹുജനങ്ങളിൽ നിന്ന് അകന്നു നിൽക്കുന്ന പരിപാടികളോ ഒന്നുമില്ല. പാശ്ചാത്യസഭകളിലെ അദ്ധ്യക്ഷന്മാർ അനേകരും രാജ്യതുല്യ പ്രഭാവത്തിൽ കഴിയുന്നവരാണ്. അത് തെറ്റെന്നോ ശരിയെന്നോ പറയുകയല്ല. എന്നാൽ വസ്തുതകളുടെ നേരെ കണ്ണടച്ചുകൊണ്ട് മനുഷ്യനിൽ തെറ്റിദ്ധാരണങ്ങളും മേലധികാരികളുടെ നേരെ അവജ്ഞയും വർദ്ധിപ്പിക്കാൻ ചില 'ഭക്തന്മാർ' നമ്മുടെ മേലദ്ധ്യക്ഷന്മാരെക്കുറിച്ചു ഇപ്പറഞ്ഞ വിധത്തിലുള്ള ചിത്രീകരണം നടത്താറുണ്ടെന്നുള്ളത് ഇതെഴുതുമ്പോൾ ഓർത്തുപോയതുകൊണ്ട് പറഞ്ഞതാണ്. പരി.ബാവാ തിരുമനസ്സുകൊണ്ട് പ്രാചീനാചാര്യന്മാരുടെ വടിവിൽ ലളിതമായി ജീവിച്ചു. ആവശ്യങ്ങൾക്കല്ലാതെ ആഡംബരങ്ങൾക്കു വേണ്ടി ജീവിച്ചില്ല. രാജതുല്യമായി അവകാശപ്പെടാവുന്ന ഉൽകൃഷ്ടമായ പദവി തിരുമേനിക്കുണ്ടായിരുന്നെങ്കിലും അതിനനുയോജ്യമായ ആഡംബരങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല.

### 8. നർമ്മ സംഭാഷണം

തിരുമനസ്സുകൊണ്ട് സന്ദർഭോചിതമായ ഫലിതോക്തികൾ അരുളി ചെയ്യുമായിരുന്നുവെന്നാൽ അവ വെറും ഫലിതങ്ങൾ മാത്രമായിരുന്നില്ല. പല സാരോപദേശങ്ങൾ അടങ്ങിയവയും ആയിരുന്നു. ആത്മീയ കാര്യങ്ങൾ തിരുമനസ്സിലെ സംഭാഷണ വിഷയങ്ങളിൽ ധാരളമുണ്ടായിരുന്നു. മരണം, മരണാനന്തര ജീവിതം-സഭയുടെ അധികാരം-സഭയിലെ അച്ചട ക്ക ജീവിതം - ലോകാവസാനം ഇവ കൂടെക്കൂടെ പരാമർശിക്കപ്പെടുന്നവയായിരുന്നു. പിതാക്കന്മാരോടുള്ള ബഹുമാനവും ഗുരുഭക്തിയും തന്റെ സംസാരങ്ങളിൽ മുഴച്ചു നിൽക്കുമായിരുന്നു. പ്രത്യേകിച്ച് തന്റെ ശ്രേഷ്ഠ ഗുരുവായ പരുമല തിരുമേനിയെക്കുറിച്ചും, മലങ്കര സഭാ ഭാസുരനായ വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ചും ആദരവോടുകൂടിയല്ലാതെ സംസാരിച്ചിട്ടില്ല. പരുമല തിരുമേനിയുടെ വത്സല ശിഷ്യനെന്നുള്ള പദവിയിൽ തിരുമേനി അഭിമാനം കൊണ്ടിരുന്നു. പല വിഷയങ്ങളുടേയും അന്തിമ തീരുമാനം പരുമല തിരുമേനി ഇപ്രകാരം പറഞ്ഞിട്ടുണ്ട് എന്ന തോതുവച്ചുകൊണ്ടായിരുന്നു. പ്രയാസഘട്ടങ്ങൾ വരുമ്പോൾ ആ ഗുരുവിന്റെ തൃപ്പാദങ്ങളിൽ അഭയം തേടി മദ്ധ്യസ്ഥത ആവശ്യപ്പെടുവാൻ പരുമലയ്ക്കു പോകുക ഒരു പതിവായി രുന്നു. തന്റെ സകല ഉൽക്കർഷത്തിനും നിദാനം ആ വന്ദ്യ ഗുരുവിന്റെ അനുഗ്രഹാശിസ്സുകൾ ആ ണെന്നു തിരുമേനിക്ക് തികച്ചും ബോദ്ധ്യമായിരുന്ന സംഗതിയാണ്. തിരുമേനി ജീവിതത്തിലെ എല്ലാ ജയ പരാജയങ്ങളും കണ്ടു. അനേകം പിതാക്കന്മാർ ചിരകാല പ്രതീക്ഷിതമായി അവശേഷിപ്പിച്ചിരുന്ന മഹൽക്കാര്യങ്ങൾ തിരുമേനിയിൽ നിവൃത്തിയായി. അനേകർ കാണുവാൻ ആഗ്രഹിച്ചിരുന്ന സംഗതികൾ തിരുമേനി കണ്ടു. അനേകർ സ്വപ്നം കണ്ടുകൊണ്ടിരുന്ന മലങ്കര സഭയുടെ സ്വാതന്ത്ര്യവും അഭിമാനവും തിരുമേനിയിൽ കൂടി തികഞ്ഞുവന്നു. തിരുമേനി മൂലം മറ്റ് സഭകൾക്കിടയിൽ മലങ്കര സുറിയാനി സഭ ധന്യയായി-തിരുമനസ്സിലെ ജീവിതവും ധന്യമായി.

# Reflections on Christian Priesthood

Dr. Joseph Mar Dionysius Metropolitan



**Introduction**

Priesthood is a divine mediating office instituted by God Himself, mainly for worship, between Creator God and the created orders including humans. Man is the crown of creation functioning as the Vicar of creation on behalf of God. His vicarious functions include functioning as King, Prophet and Priest for the entire creation on behalf of God. Kingship indicates protection; prophet hood indicates divinely inspired carrying and revealing the messages and will of God for the ordinary people after attending God's council; priesthood indicates bringing the creation nearer to God through worship, mediation, sacrifice and sacraments. The three offices thus instituted by God Himself is for the benefit and betterment of entire creation, especially human beings.

**<u>Old Testament (OT) Background</u>**

Prayer, sacrifice and worship seem to have been comparatively unknown to the early people. However, people who were very close to God had devotional experiences. For instance, the offering of Cain and Abel to the Yahweh from their agriculture, Abraham beseeching God on behalf of the people, Moses interceding for his people seems to be only personal exceptions. Such devotional experiences were not within the reach of ordinary Israelites. The tribal Patriarchs, in the early history of Israelites, executed and handled in their own ways all the three offices mentioned above – kingship, prophet hood and priesthood. An organized formation and development of these three offices were only later events. However, the incorporation of these offices and their diversification in separate persons was the usual trend in the very beginning and gradual accumulation and unification in an evolutionary sequence may be noticed later. In such situations where these offices were held by separate persons too mutual interactions were existed. The acquisition of these offices also remained patriarchal and strictly hereditary in OT background. Gradually corruption crept in and consequently contaminated these offices, especially the office of Mosaic priesthood by the time of our Lord Jesus Christ. Contrary to this, in NT situations such patriarchal hereditary lineage seems to be disappeared. Moreover the incorporation and accumulation of these offices in a single person came into vogue.

**<u>New Testament (NT) Background</u>**

Jesus Christ at the age of thirty as per the Jewish tradition of assuming the office of priesthood (Numbers 4:1-4), approached John the Baptist, the last link of priests in the OT Mosaic priesthood tradition, before His public ministry and received from him the **Baptism of Priesthood** (refer the liturgical malayalam song "*adhyacharathuam kaikondu Aharon-*"). He does not require the laying of hands for priesthood from Saint John as He was the eternal giver of priesthood, but to observe the Jewish Law. He ascended from heaven not to remove but to fulfill and perfect the Jewish Laws. The priesthood given to Moses at the Mount Sinai was actually taking back by Jesus through receiving it from John the Baptist. He put a full stop to OT Mosaic priesthood and started the NT system of priesthood in him. He selected twelve disciples in consultation with His Father and gave them the title 'Apostles'. Jesus adopted a very regular systematic way in developing and ordaining the Apostolic Priesthood. Except Judas Iscariot all of them belong to below poverty line (BPL) people of Galilee province in Israel. He ordained them as Deacons and trained them for a period of three and a half years in *gurukul* mobile seminary system, keeping them always along with him. The apostles were ordained as priests soon after the resurrection of our Lord (Jn. 20: 19-23). The consecration of the apostles as Episcopas (Bishops) was at the time of the heavenly ascension of Jesus on the mount of Olive (Mt. 27: 16-20). Being Bishops the Apostles were given specifically three authorities by Jesus to carry out the Episcopal duties – (1) the authority to Baptize in the name of Holy Trinity, (2) the authority to teach and preach what

Jesus had taught and shown to them and (3) the authority to make others disciples (that is priesthood ordination) from the whole people irrespective of caste, creed or colour (Mt. 27: 19&20). The written Biblical and Church history traditions clearly witness the ordination appointment of Deacons, Presbyters (priests) and Episcopas (Bishops) throughout the world by the Apostles followed by apostolic Fathers and continued till now. There is clear cut contin uous unbroken apostolic priesthood tradition existing in the Church. Thus the Biblical and historical bases behind the development of Christian priesthood cannot be denied.

## Some facts on Christian Priesthood

1.There are two types of priesthoods existing in the Church – (1) General Baptismal Priest hood and (2) Specific Ordained Priesthood. The whole believers of the Church who have received holy Baptism belong to the first cate gory (1 Peter 2: 9 ) while the second one consists of the whole ordained priesthood of three levels – (1) Deacons,(2)Priests/ Presb yters/ Fathers and (3)Episcopos/ Bishops/ Metropolitans/ Catholicos/ Patriarchs sele cted from the first category for officiating sacramental ministry. Though Holy Ghost is the ordaining authority who pours and fulfills the divine priesthood gifts, the Bishop remain as the custodian and recourse who executes priestly ordination on behalf of the former.

2.Jesus Christ gives very clear guidelines to the Apostles regarding their lifestyle and commitment to the priestly ministry (Mat. 10: 5-16). Actually the gospel of Mathew chapter 10 covers most of the aspects on Apostles' ordination speech by our Lord. They were chosen and appointed to the priestly office for mainly three assignments – (1) to be with Him, (2) to proclaim the life of repentance and Kingdom of Heaven and (3) to practice cons olation ministry of both spiritual -through sacramental activities- and physical- through relieving all sorts of ailments from the people. Jesus also insisted them that their life style and mode of operation of their assignments should strictly follow certain patterns such as (1) maintenance of priority in life and action, (2) teaching and preaching always the themes of repentance, consolation and hea venly kingdom, (3) leading always simple hum ble life without taking the worldly pleasures, (4) giving freely their gifts without taking any remuneration and personal glory, (5) always carrying the cross of oneself and progressing in suffering experiences, (6) not making any reserve funds, gold, silver and other worldly treasures, (7) avoiding diplomatic inter relatio ns with the worldly people on one hand and maintaining good healthy relations with divine people on the other hand, (8) not maintaining any revenge and hatred against those who have harmed and avoided and (9) maintai ning always purity and transparency in life, inter relations and actions (Mk 3:14&15).In Pauline epistles of Timothy the Biblical and Theological bases of Christian priesthood are vividly given.

3.The most potent Biblical character who stan ds as the ever shining priesthood model is Moses in the OT background and Jesus Him self as the supreme priesthood model in NT. The priestly models in Christ include empa thy, giving oneself without an atom of selfish ness, service attitude that of a servant, loving without exercising power, executing God's agenda rather than one's own selfish goals and maintaining accountability accessibility and availability in life and actions.

4. Priesthood should bear four dimensions and levels of inter relations. These include the inter relationships between (1) creator God and the priest, (2) community of believers and the priest, (3) people outside the community of believers and (4) all the created orders in the environment and the priest.

## Conclusion

Those who are serving in various stages of priesthood should always remember the value of their priestly calling and selection and the value of those abandoned in order to maintain and succeed in priesthood. A priest should not confine himself to the glory and benefit but rather extend himself to others benefit and consolation. Always remember that priesthood is the sacramental presence of God within the community of believers, community outside the believers and all the created orders in the environment. Remem ber always that only a converted, committed and transformed priesthood alone can con vert and transform the laity. The egoism, arrog ance and selfishness always damage priest hood and its causes (1 Cor. 1: 26- 31; 2 Cor.4: 7-12). Remember always the priesthood is the **'potential power in earthen vessels'**.

# യുവജനങ്ങളും
# പുതിയ സാമൂഹിക ക്രമവും

**ഫാ. ഡോ. കെ. എം. ജോർജ്ജ്**



ലോക പ്രശസ്തമായ ഹാർവഡ് സർവ്വകലാശാലയുടെ 2005-ലെ കോൺ വൊക്കേഷന് മുഖ്യ പ്രഭാഷകനായി അവർ ക്ഷണിച്ചത് സ്റ്റീവ് ജോബ്സ് എ ന്നൊരാളെയാണ്. അദ്ദേഹം കോളേജിൽ ശരിയ്ക്ക് പഠിച്ചിട്ടില്ല. ഡിഗ്രിയൊന്നും എടുത്തിട്ടില്ല. പക്ഷേ ആൾ ചില്ലറക്കാരനൊന്നുമല്ല. ഇരുപതാം നൂറ്റാണ്ടിൽ ആ ഗോള കമ്പ്യൂട്ടർ വിപ്ലവം സൃഷ്ടിച്ച "ആപ്പിൾ" എന്ന കമ്പ്യൂട്ടർ വ്യവസായ സ്ഥാപനത്തിന്റെ സ്ഥാപകനും മേധാവിയുമാണ്. അദ്ദേഹത്തിന്റെ കോൺവൊക്കേഷൻ പ്രസംഗം വളരെ ചുരുങ്ങിയതും ആത്മകഥാ പരവും ആയിരുന്നു. ഒരു ബിരുദം പോലും നേടാത്ത വ്യക്തി പുതിയ ബിരുദാധാരികളോട് തന്റെ ജീവിത കഥയാണ് പറഞ്ഞത്.

അപ്പനില്ലാതെ വളർന്ന സ്റ്റീവിനെ പഠിപ്പിക്കാൻ അമ്മ നന്നെ ബുദ്ധിമുട്ടി. ബാല്യകാലത്തിന്റെ അപമാനങ്ങളിൽ നിന്ന് രക്ഷപെട്ട് സമൂഹത്തിൽ വിലയും നിലയും നേടണമെന്ന ആഗ്രഹം മൂലം ഒരു കോളേജിൽ ചേർന്നു. പക്ഷേ ഫീസുകൊടുക്കാൻ കഴിവുണ്ടായിരുന്നില്ല. മാത്രമല്ല, അവിടെ പഠിപ്പിക്കുന്ന വിഷയങ്ങളിലൊന്നും അയാൾക്ക് താല്പര്യവും തോന്നിയില്ല. അങ്ങനെ പഠിത്തം അവസാനിച്ചു. കാമ്പസിൽ ഒരാൾ 'Calligraphy' (അക്ഷരങ്ങൾ അലങ്കാരപൂർവ്വം എഴുതുന്ന വിദ്യ) പഠിപ്പിക്കുന്നുണ്ടായിരുന്നു. അയാളുടെ കൂടെ കൂടി അതു പഠിച്ചു. അതിൽ നിന്നാണ് യഥാർത്ഥത്തിൽ ആപ്പിൾ കമ്പ്യൂട്ടർ എന്ന കമ്പനി ഉണ്ടാക്കാനുള്ള ആശയം ഉരുത്തിരിയുന്നത്. അക്ഷരങ്ങൾ വിവിധ രീതിയിൽ എഴുതുന്ന പ്രത്യേക ഫോൺഡുകൾ സൃഷ്ടിക്കാൻ സ്റ്റീവിനെ സഹായിച്ചത് കാലിഗ്രാഫി പഠനമാണ്.

വൻ വിജയമായിത്തീർന്ന ആപ്പിൾ കമ്പ്യൂട്ടർ കമ്പനിയുടെ ഡയറക്ടർ ബോർഡ് പിന്നീട് അതിന്റെ സ്വന്തം സ്ഥാപകനെ കമ്പനിക്കു പുറത്താക്കി. വളരെ വേദനാജനകമായിരുന്നു ഈ സംഭവം. സ്റ്റീവ് മറ്റൊരു കമ്പനി സ്ഥാപിച്ച്, തന്റെ പഴയ ആപ്പിൾ കമ്പനി തിരിച്ചു വാങ്ങിച്ചു. ഇങ്ങനെ നിരവധി പ്രാതികൂല്യങ്ങളിലൂടെ നിരന്തരം സഞ്ചരിച്ച സ്റ്റീവ് ജോബ്സിന്റെ കോൺവൊക്കേഷൻ പ്രസംഗത്തിൽ നിന്ന് ചില വാക്യങ്ങൾ താഴെക്കൊടുക്കുന്നു.

"ആപ്പിൾ കമ്പനിയിൽ നിന്ന് പിരിച്ചു വിടപ്പെട്ടതാണ് എന്റെ ജീവിതത്തിൽ സംഭവിച്ച ഏറ്റവും നല്ല കാര്യം". ജീവിതവിജയം നൽകിയ തലക്കനമെല്ലാം മാറി, അതിനുപകരം ഒരു തുടക്കക്കാരന്റെ മനോലാഘവവും ഒന്നിനെക്കുറിച്ചും വലിയ പിടിയൊന്നുമില്ലാത്ത അവസ്ഥയും എനിക്കു തിരികെ കിട്ടി. ഇതാണ് എന്റെ ജീവിതത്തിലെ ഏറ്റവും ക്രിയാത്മകമായ ഒരു ഘട്ടത്തിലേക്ക് പ്രവേശിക്കാൻ എന്നെ സഹായിച്ചത്. ഇതൊരു സ്വാതന്ത്ര്യമായിരുന്നു".

"നിങ്ങൾ ഏതായാലും മരിക്കാൻ പോവുകയാണെന്ന് തിരിച്ചറിഞ്ഞാൽ പിന്നെ, നിങ്ങൾക്ക് നഷ്ടപ്പെടാൻ എന്തൊക്കെയോ ഉണ്ട് എന്ന അബദ്ധചിന്തയിൽ നിങ്ങൾ കുടുങ്ങുകയില്ല. ഏതായാലും നിങ്ങളുടെ വേഷമെല്ലാം ഉരിഞ്ഞുപോയി. ഇനി നിങ്ങളുടെ ഉള്ളിന്റെയുള്ളിലുള്ള തീരുമാനത്തിനനുസരിച്ച് നീങ്ങാൻ എന്താണ് തടസ്സം?".

"മരിക്കണമെന്ന് ആർക്കും ആഗ്രഹമില്ല. സ്വർഗ്ഗത്തിൽ പോകണമെന്ന് ആഗ്രഹിക്കുന്നവർ പോലും, അവിടെ കടന്നു ചെല്ലാൻ വേണ്ടി മരിക്കാൻ തയ്യാറല്ല....".

"മറ്റുള്ളവരുടെ അഭിപ്രായങ്ങളുടെ ശബ്ദ കോലാഹലം കൊണ്ട് നിങ്ങളുടെ ഉള്ളിന്റെയുള്ളിലുള്ള ശബ്ദത്തെ ഞെരുക്കിക്കളയാൻ ഒരിക്കലും അനുവദിക്കരുത്".

"ഏറ്റവും പ്രധാനപ്പെട്ട കാര്യം നിങ്ങളുടെ ഹൃദയത്തിന്റെ അഭിലാക്ഷത്തെയും ലക്ഷ്യത്തെയും പിന്തുടരുക എന്നതാണ്. നിങ്ങൾ യഥാർത്ഥത്തിൽ എന്തായിത്തീരാനാണ് ആഗ്രഹിക്കുന്നതെന്ന് നിങ്ങളുടെ ഹൃദയത്തിനറിയാം".

ജീവിതത്തിലെ ദു:ഖകരമായ പരാജയങ്ങളെല്ലാം പിന്തിരിഞ്ഞു നോക്കുമ്പോൾ വൻ വിജയത്തിന്റെ പടികളായിത്തീർന്നു എന്നതാണ് സ്റ്റീവ് ജോബ്സന്റെ ആത്മകഥയുടെ സാരാംശം. ദൈവം നമുക്ക് നൽകിയിട്ടുള്ള യഥാർത്ഥ കഴിവുകളെയും ആഗ്രഹങ്ങളെയും പലപ്പോഴും തൽക്കാലത്തെ സാമൂഹ്യ സമ്മർദ്ദങ്ങൾക്കും പൊങ്ങച്ചങ്ങൾക്കും വേണ്ടി നാം ഉപേക്ഷിക്കരുതെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകുന്നു.

നിർഭാഗ്യവശാൽ നമ്മുടെ കുടുംബ-സാമൂഹ്യാന്തരീക്ഷവും വിദ്യാഭ്യാസത്തിലെ പൊതുപ്രവണതയും യുവജനങ്ങളെ അവരുടെ ഹൃദയാഭിലാഷങ്ങളിൽ നിന്ന് വേർപെടുത്തുകയാണ്. എഞ്ചിനീയറിംഗ്, മെഡിസിൻ, ഇൻഫർമേഷൻ ടെക്നോളജി എന്നീ രംഗങ്ങളിലെല്ലാം നൂറുകണക്കിന് സ്ഥാപനങ്ങളാണ് ഉയർന്നു വരുന്നത്. അവിടെ പഠിക്കുവാൻ നിർബന്ധിതരാകുന്ന ഒരു നല്ല പങ്ക് യുവജനങ്ങൾക്ക് ആവിഷയങ്ങളിൽ വൈകാരിക താൽപര്യമോ പഠിക്കാനുള്ള ബൗദ്ധിക സന്നാഹമോ ഇല്ലെന്നതാണ് വാസ്തവം. മാതാപിതാക്കളുടെ നിർബന്ധം മൂലവും ഒത്തിരി പണം കിട്ടുമെന്നുള്ള മോഹം മൂലവും പലരും ആ രംഗങ്ങളിലേക്ക് തിരിയുന്നു. അവരൊക്കെ എങ്ങിനെയെങ്കിലും പഠിച്ച് കഷ്ടിച്ച് പാസായി പ്രൊഫഷണൽ രംഗത്തു വരുമ്പോൾ നമ്മുടെ ലോകത്തിനുണ്ടാകുന്ന ദുരന്തം എത്ര ഭീകരമായിരിക്കും. ഉദാഹരണമായി, രോഗികളെ ചികിത്സിക്കാൻ താൽപ്പര്യമോ രോഗം തിരിച്ചറിയാനുള്ള ഉൾക്കാഴ്ചയോ, അതിവിസ് തൃതമായിക്കൊണ്ടിരിക്കുന്ന വൈദ്യ

ശാസ്ത്ര ഗവേഷണ ങ്ങളെപ്പറ്റി ഗ്രാഹ്യമോ, ഇതൊക്കെ മനസ്സിലാക്കാനുള്ള സാമാന്യ ബുദ്ധി പോലുമോ ഇല്ലാത്ത ഒരു സാധാരണ യുവാവിനെ മാതാപിതാക്കൾ 40 ലക്ഷം വരെ കൊടുത്തു ഡോക്ടറാക്കിയാലുള്ള അപകടം ഒന്ന് ചിന്തിച്ചു നോക്കൂ. തൊട്ടതിനും പിടിച്ചതിനുമെല്ലാം, ചെല വേറിയ സ്കാനിംഗ് നടത്താൻ അയാൾ പാവപ്പെട്ട രോഗി കളോടു കൽപ്പിക്കുകയും കാണാതെ പഠിച്ചുവച്ചിരിക്കുന്ന കുറെ ഗുളികകൾ എഴുതിക്കൊടുത്ത്, നിസ്സാരരോഗങ്ങളെ മാരകമാക്കുകയും ചെയ്യുന്ന അവസ്ഥ എത്ര ഭയാനകമാണ്. (യഥാർത്ഥ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഇതെഴു തുന്നത്). ഇതേ അവസ്ഥയാണ് എഞ്ചിനിയറിംഗ് പോലെ യുള്ള മറ്റു പല പ്രൊഫഷണൽ രംഗങ്ങളിലും സ്വകാര്യസ്ഥാ പനങ്ങളും മതസംഘടനകളും പ്രോൽസാഹിപ്പിക്കുന്നത്.

അതേ സമയം ഇങ്ങനെ ബാഹ്യ സമ്മർദ്ദം മൂലം ത ങ്ങൾക്ക് ഇഷ്ടമോ കഴിവോ ഇല്ലാത്ത മേഖലകളിൽ പ്രവേ ശിക്കുന്ന പലർക്കും മറ്റുതരത്തിലുള്ള സർഗ്ഗാത്മകതയും കഴിവുകളും കാണാം. പക്ഷേ അവയെ കണ്ടെത്താനോ പ്ര കടിപ്പിക്കാനോ നമ്മുടെ വിദ്യാഭ്യാസ–സാമൂഹ്യവ്യവസ്ഥി തി അനുവദിക്കുന്നില്ല. ഇതിന്റെ ഫലം അമർത്തപ്പെട്ട അഭി ലാഷങ്ങളും മോഹഭംഗങ്ങളും വിഷാദവും മനോവൈകല്യ ങ്ങളും പ്രതികാര ബുദ്ധിയും അക്രമവാസനയും മറ്റുമാണ്.

എല്ലാവരുടെയും സ്വാതന്ത്ര്യവും സർഗ്ഗാത്മകതയും പൂർണ്ണ അളവിൽ പ്രകടിപ്പിക്കാൻ കഴിയുന്ന ഒരു സാമൂ ഹ്യ വ്യവസ്ഥിതി ഒരു പക്ഷേ ഒരു സ്വപ്നം മാത്രമായിരി ക്കും. എങ്കിലും ഒരളവുവരെയെങ്കിലും നീതിയും സ്വാത ന്ത്ര്യവും സമാധാനവും സന്തോഷവും എല്ലാവർക്കും ലഭി ക്കുന്ന ഒരു ലോകക്രമം ഉരുത്തിരിച്ചെടുക്കാനുള്ള ശ്രമ ത്തിൽ നിന്ന് നാം ഒരിക്കലും പിന്മാറിക്കൂടാ. ദൈവരാജ്യ ത്തിന്റെ വ്യവസ്ഥയാണ് നമ്മുടെ ആത്യന്തിക ദർശനം.

ആഗോളവൽക്കരണത്തിന്റെ ഫലമായി കൂടുതൽ “അവനവനിസ”വും കടുത്ത മത്സരങ്ങളും ഉണ്ടാകുന്നത് നാം കണ്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ സമൂഹത്തിൽ തള്ളപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്യു ന്നവരുടെ എണ്ണം ഇനിയും കൂടിക്കൊണ്ടിരിക്കും. വൃദ്ധജ നങ്ങൾ, വികലാംഗർ, മനോവൈകല്യമുള്ളവർ, മാന്യമായ തൊഴിൽ ലഭിക്കാത്തവർ, കഴിവ് കുറഞ്ഞവർ, എയിഡ്സ് രോഗികൾ, കുടുംബ ഭദ്രതലഭിക്കാത്തവർ തുടങ്ങി മത്സ രത്തിൽ പിടിച്ചു നിൽക്കാൻ കഴിയാതെ വരുന്ന നമ്മുടെ സഹോദരങ്ങളെ കരുതുവാനുള്ള സന്നാഹങ്ങൾ കാര്യ മായി ഒരുക്കുവാനുള്ള സന്നാഹങ്ങൾ കാര്യമായി ഒരുക്കു വാൻ സഭകൾ ഇതുവരെ തയ്യാറായിട്ടില്ല. മത്സരത്തെ പ്രോ ൽസാഹിപ്പിക്കുന്ന പുതിയ ചെലവേറിയ സ്ക്കൂളുകളും പ്രൊഫഷണൽ കോളേജുകളും സമൂഹത്തിന്റെ രോഗം വർദ്ധിപ്പിക്കുന്ന കൂറ്റൻ ആശുപത്രികളും പണിയാനാണ് സഭകൾക്ക് താൽപര്യം. ഇവിടെയാണ് നമ്മുടെ യുവജന ങ്ങളുടെ പ്രവാചകശബ്ദവും പ്രതിബദ്ധതയും നമുക്ക് ആവശ്യം.

ഇപ്പോഴത്തെ രീതിയിലുള്ള ഉപഭോഗസംസ്ക്കാര (Consumerism) വും, പരിസ്ഥിതി ചൂഷണവും നടന്നാൽ, നമ്മുടെ ഭൂമിയുടെ വിഭവശേഷിയെല്ലാം നശിച്ച് താമസി യാതെ ഇവിടെ ജീവൻ നിലനിൽക്കാനാവാത്ത അവസ്ഥ യുണ്ടാകും എന്നു അറിവുള്ളവർ പറയുന്നു. ഭാവിതലമു റ കൾക്കു കൂടി അവകാശപ്പെട്ടതെല്ലാം നാമിന്ന് കവർന്നെ ടുക്കുകയാണ്. അതുകൊണ്ട്, "നിലനിൽക്കു ന്നവികസനം'' (Sustainable development) എന്ന ആശയം കൂടുതൽ ഉയർത്തിപ്പിടിച്ച് നമ്മുടെ ലക്കും ലഗാനുമില്ലാത്ത പോ ക്കിന് കടിഞ്ഞാണിടാൻ ശ്രമിക്കണമെന്ന് അഭിജ്ഞന്മാർ ഉപദേശിക്കുന്നു. എങ്ങിനെ നോക്കിയാലും നന്മയിലും സ്നേഹത്തിലും അധിഷ്ഠിതമായ ഒരു ബദൽ സംസ്ക്കാ രവും സാമൂഹിക ക്രമവും ഉരുത്തിരിഞ്ഞില്ലെങ്കിൽ, ഭൂമി യിൽ മനുഷ്യജീവനും മറ്റെല്ലാ ജീവനും അപകടത്തിലാ കും. ഒരു പുതിയ ലോകസാമൂഹിക ക്രമത്തിന് അത്യാ വശ്യമായ ചില മിനിമം തത്വങ്ങൾ നാം കണ്ടെത്തണം. ഉദാഹരണമായി താഴെപ്പറയുന്നവ പരിഗണിക്കാം.

1) പ്രകൃതിയോട് ഇണങ്ങിപ്പോവുന്ന ലളിതമായ ജീവിത ശൈലി.

2) മാരകമായ മൽസരം കൂടാതെ, മനുഷ്യർ തമ്മിൽ സമ ത്വത്തിലും സൗഹൃദത്തിലും ഊന്നിയ സഹവർത്തിത്വം.

3) പൊതു നന്മയ്ക്കു വേണ്ടിയുള്ള വ്യക്തികളുടെ താൽപ്പര്യവും ത്യാഗപൂർണ്ണമായ പ്രവർത്തനവും.

4) മനുഷ്യന്റെ ദിവ്യമായ ഭാഗധേയത്തെ കണക്കിലെ ടുത്തു കൊണ്ടുള്ള മനുഷ്യ സ്വാതന്ത്ര്യത്തിന്റെയും സർഗ്ഗ ശേഷിയുടെയും ആവിഷ്കരണം.

ഇവയുടെ അടിസ്ഥാനത്തിൽ ഒരു പുതിയ സാമൂഹിക– രാഷ്ട്രീയ ക്രമം സൃഷ്ടിക്കാൻ നമ്മുടെ ദൈവദത്തമായ കഴിവുകൾ നമുക്കുപയോഗിക്കാം.

# നന്ദി.......

പ്രിയരെ,

ക്രിസ്തുമസ്സ് വീണ്ടും ആഗതമായി. ആഘോഷങ്ങൾ ഇന്ന് വാണിജ്യ ത്തിന്റെയും ഭൗതികമായ ആഹ്ലാദങ്ങളുടെയും ഒരു ഉത്സവമായി മാറിയിരി ക്കുന്നു. യേശു ജനിക്കേണ്ടത് മനുഷ്യമനസ്സുകളിലാണ് എന്ന യാഥാർത്ഥ്യം ക്രിസ്തുമസ്സ് ആഘോഷവേളയിൽ നാം വിസ്മരിച്ചു പോകുന്നു. ക്രിസ്തു മസ്സ് ഇന്ന് മനുഷ്യന്റെ ആത്മാവിനെ മറന്നുകൊണ്ടുള്ള ഒരു ആഘോഷ മായി മാറിയിരിക്കുന്നു എന്ന വസ്തുത അനുസ്മരിപ്പിക്കുവാനാണ് ദേവാ ലയങ്ങളിൽ തിരുപ്പിറവി ആഘോഷങ്ങൾ നിമിത്തമാകേണ്ടത് എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മനുഷ്യമനസ്സുകളിൽ ജനിക്കേണ്ടതിന് ആത്മീയമായും ഭൗതികമായും വിശ്വാസികൾ ഒരുങ്ങേണ്ടിയിരിക്കുന്നു.

പുതിയ വർഷത്തിലേക്ക് നമ്മൾ കാലുകുത്തുന്ന ഈ വേളയിൽ പുതിയ പ്രതിജ്ഞ എടുക്കുവാനുള്ള ഒരു അവസരമായി ക്രിസ്തുമസ്സ് ആഘോഷ ങ്ങൾ മാറട്ടെയെന്ന് ആശംസിക്കുന്നു.

യുവജനം മാസികയുടെ ഈ ലക്കം പിറവിക്ക് സഹായകമായ എല്ലാ വരേയും നന്ദിയോടെ സ്മരിക്കുന്നു.



**ഫാ. തോമസ് ജോർജ്**
**പട്ടശ്ശേരിൽ**
(മാനേജിംഗ് എഡിറ്റർ)



# ക്രിസ്മസ്സിലേക്ക് ഒരു തീർത്ഥയാത്ര


**മേരി എസ്. കരോളിൻ**

**ചുണ്ടമണ്ണിൽ, അട്ടച്ചാക്കൽ, കോന്നി.**


**ക്രി**സ്മസ്സ് എന്ന തിരുപ്പിറവിയുടെ തിരുനാളി ലെത്തുവാനായി ഇരുപത്തഞ്ചു നോമ്പിലൂടെയാണല്ലോ ഡിസംബർ മാസക്കാലം നമ്മുടെ തീർത്ഥ യാത്ര. മാനവ രാശിയുടെ രക്ഷയ്ക്കായ് പുത്രനാം ദൈവം ഭൂമിയിൽ ജാതനായ പുണ്യദിനമാണല്ലോ അത്. ലോകജനത ഒരുപോൽ കൊണ്ടാടുന്ന പെരുന്നാൾ എന്ന സവിശേഷതയും ക്രിസ്മസ്സിനു മാത്രമുള്ളതാണ്. ആ നാളിൽ സ്വർഗ്ഗീയ സൈന്യത്തിന്റെ സംഘം ദൂതന്മാരോടു ചേർന്ന് ദൈവത്തെ പുകഴ്ത്തിയത് അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം എന്നാണ്. ഇവിടെ നാം ശ്രദ്ധിക്കേണ്ട പ്രധാന കാര്യം ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം എന്ന സൂചനയാണ്.

ദൈവപ്രസാദം ലഭിക്കുവാനായി നാം സ്വയം ഒരുങ്ങേണ്ടിയിരിക്കുന്നു. ഹവ്വ എന്ന ആദ്യസ്ത്രീയിൽക്കൂടി മനുഷ്യനിലേക്കു ജനിച്ച പാപത്തിൽ നിന്ന് അവനെ രക്ഷിക്കുവാനായി മറിയ എന്ന കന്യകയിൽ പരിശുദ്ധാത്മാവിന്റെ നിറവ് ലഭിക്കുവാനും പുത്രനാം ദൈവം അവളിൽ ഉരുവാകുവാനും ഇടയായപ്പോൾ ഈ സന്ദേശം ദൂതൻ അവളെ അറിയിക്കുന്നു. അവിടെ മാനുഷിക തലത്തിൽ ഒരു സ്ത്രീയ്ക്ക് ഉണ്ടാകാവുന്ന പരിഭ്രമം മറിയയിൽ ജനിക്കുന്നു. എന്നാൽ ദൂതന്റെ തുടർന്നുള്ള അറിയിപ്പിലൂടെ അവളിൽ ദൈവവിശ്വാസം ഉറയ്ക്കുകയും അവൾ ചാർച്ചക്കാരി ഗൃഹത്തിന്റെ രാജാവായി. അവസാനം ഇല്ലാത്ത രാജ്യത്തിന്റെ അവകാശിയെ തന്റെ ഉദരത്തിൽ വഹിക്കുവാൻ അവൾ തയ്യാറായി തന്നെ തന്നെ സ്വയം താഴ്ത്തി സമർപ്പിച്ച് ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്ന് മറുപടി പറയുവാൻ ശക്തയാകുന്നു.

മറിയയേപ്പോലെതന്നെ അവൾക്കായി വിവാഹ നിശ്ചയം ചെയ്തിരുന്ന യോസേഫും വിശ്വാസത്തിൽ ഉറപ്പുള്ളവനായി നാം കാണുന്നു. മാനുഷിക വിധി പ്രകാരം ഒരുവന് സാധ്യമാകാത്തവിധം അവൻ ദൈവത്തിന്റെ അരുളപ്പാടുകളെ അനുസരിപ്പാനും, ഗർഭിണിയായ മറിയയെ സംശയമന്യേ ചേർത്തുകൊള്ളുവാനും തയ്യാറാകുന്നു.

അതുപോലെതന്നെ, പരിശുദ്ധാത്മാവ് നിറഞ്ഞ മറിയയുടെ വന്ദന സ്വരം കേട്ടപ്പോൾ ഏലിശുബായുടെ ഉദരത്തിൽ പ്രജതുള്ളി എന്നു നാം വിശുദ്ധ ബൈബിളിൽ കാണുന്നു. കാനാവിലെ കല്യാണ വിരുന്നിൽ നടന്ന ആദ്യത്തെ അത്ഭുതപ്രവർത്തിയിലും, ക്രൂശ് മരണത്തിനു ശേഷം ഉയർത്തെഴുന്നേറ്റ ക്രിസ്തു മാതാവ് മറിയയ്ക്കു മുമ്പിൽ പ്രത്യക്ഷപ്പെടുന്നതിലും ഒക്കെയായി നിരവധി സംഭവങ്ങളിലൂടെ ക്രിസ്തീയ സഭാ വിശ്വാസത്തിൽ മാതാവ് മറിയത്തിന് ശ്രേഷ്ഠമായ അംഗീകാരം നൽകുന്നുണ്ട്. എന്നിട്ടും ഇന്നുമുതൽ എല്ലാ തലമുറയും വാഴ്ത്തപ്പെട്ടവൾ എന്ന് സ്പഷ്ടമായി ബൈബിൾ അംഗീകരിച്ച മാതാവിനെ ചിലർ മാറ്റി നിർത്തുമ്പോൾ പാശ്ചാത്യ സംസ്ക്കാരത്തിൽ നിന്നും ഉയിർകൊണ്ട ഉപഭോഗസംസ്ക്കാരത്തിന്റെ തനി മാതൃകകൾ നമ്മിലേക്ക് കടന്നുകൂടുകയല്ലേ. ഒരു ജന്മം മുഴുവൻ നമുക്കായി ഹോമിച്ച്, നമ്മെ അനാഥത്വത്തിൽ നിന്നും കരകയറ്റി സനാഥരാക്കിയ മാതാപിതാക്കളെ വൃദ്ധ സദനത്തിലുപേക്ഷിച്ച് കർത്തവ്യം തീർത്തമട്ടിൽ ആ

ശ്വാസത്തിന്റെ നെടുവീർപ്പുതിർത്തു നിൽക്കുന്ന ഇന്നത്തെ തലമുറയെ നമുക്കെങ്ങനെ പഴിക്കാനാകും.

Give and Take എന്നതല്ലെ ഒരു ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന മാതൃക. നമുക്കായ് നാം. നമുക്ക് ഒരുവൻ ചെയ്യേണം എന്ന് നാം ആഗ്രഹിക്കുന്നത്, ആദ്യം നാം അവന് ചെയ്യാനല്ലേ ബൈബിൾ കാണിച്ചു തരുന്നത്. അതിനുള്ള ഉത്തമമായ ഉദാഹരണമാണ് പത്തുകല്പനകളിൽ ശ്രേഷ്ഠമായ നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്നത്. നാമെല്ലാം ഏറ്റം സ്നേഹിക്കുന്നത് നമ്മുടെ സ്വന്തം ശരീരത്തേയും, പ്രാണനേയുമാണല്ലോ? അവിടെയും നമ്മുടെ രക്ഷകൻ നമുക്ക് കാട്ടിത്തന്ന മാതൃക നമ്മോടു ചെയ്യുവാൻ നിർദ്ദേശിച്ചതിൽ വലുതായല്ലേ? ചിന്തിച്ചിടേണം നമ്മെ നേടുവാനായി സ്വന്തം പ്രാണനെത്തന്നെ അവൻ ക്രൂശിൽ നമുക്കുവേണ്ടി വെടിഞ്ഞില്ലേ? അതു നാം തിരിച്ചറിയേണ്ടതാണ്. അപ്പോൾ അവനെ പിൻപറ്റുന്ന നാം നമ്മെപ്പോലെ നമ്മുടെ സഹജീവിയെ സ്നേഹിക്കുവാൻ, കരുതുവാൻ, സംരക്ഷിക്കുവാൻ ഒക്കെ തയ്യാറാകേണം. അങ്ങനെ ആയിരുന്നു നമ്മിൽ ഓരോരുത്തർക്കും എങ്കിൽ പിഞ്ചുകുഞ്ഞുങ്ങൾപോലും മൃഗീയമായ പീഡനത്തിനിരയാകുന്ന നീചപ്രവർത്തി നമുക്കിടയിൽ വന്നു ഭവിക്കുമോ? മൃഗങ്ങൾക്കുപോലും അറപ്പുളവാക്കുന്ന വിധമല്ലേ ഇന്നത്തെ തലമുറയിൽ വളരുന്ന വഷളത്വം എന്നത് ചിന്തിച്ചറിയണം.

കർത്തൃപ്രാർത്ഥനയിലൂടെ നമ്മിൽ മറ്റൊരു സന്ദേശം വളരേണ്ടതുണ്ട്. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കേണമേ. നാം ചിന്തകൊണ്ടോ, പ്രവർത്തികൊണ്ടോ, ഏതു പഞ്ചേന്ദ്രിയ ജ്ഞാനംകൊണ്ടോ ആകട്ടെ നേട്ടങ്ങൾക്ക് പാപത്തിന്റെ സ്പർശനം ഉളവായതാണെങ്കിൽ – നാം നമ്മുടെ സഹജീവിയോട് ക്ഷമിക്കുവാൻ തയ്യാറാകുന്നില്ല എങ്കിൽ നമ്മുടെ പാപങ്ങൾ ദൈവം നമ്മോട് പൊറുക്കേണ്ടതില്ല എന്നുള്ള ഒരു സമ്മതം നടത്തലല്ലേ ഇതിൽ പ്രതിധ്വനിക്കുന്നത്?

ഇലക്ട്രോണിക് യുഗത്തിന്റെ അതിപ്രസരണം നമ്മുടെ വിരൽത്തുമ്പിലേക്ക് ഈ വിശാലമായ ലോകത്തെ ചുരുക്കി നിവർത്തിത്തരുമ്പോൾ, നന്മകൊണ്ട് ഈ ലോകത്തേക്കാൾ വിശാലമായിരുന്ന നമ്മുടെ മനുഷ്യമനസ്സും അതിലേറെ നമ്മിലേക്കു തന്നെ ചുരുങ്ങി. നാം ഇപ്പോൾ തികഞ്ഞ സ്വാർത്ഥരും ഭൗതിക നേട്ടങ്ങൾക്കും, താത്കാലിക സുഖങ്ങൾക്കും അടിപ്പെട്ട് പോവുകയാണ് എന്ന സത്യം ഇന്ന് തിരിച്ചറിയാതെ പോകുന്നു.

ഇന്നു നമുക്കു ചുറ്റും നടക്കുന്ന ചെറുതും, വലുതുമായ ഏത് അധർമ്മത്തിന്റെയും പിന്നിലുള്ള പ്രേരണ, നിയന്ത്രണം ഒക്കെ മദ്യവും, മയക്കുമരുന്നുമാണെന്നത് തർക്കമറ്റ കാര്യമാണ്.

(പുരുഷന്റെ സംരക്ഷണയിൽ സ്വതന്ത്രയായ് വാഴേണ്ട സ്ത്രീജനം ഇത്രയേറെ സ്വയംപര്യാപ്തമായ ഈ വികസിതയുഗത്തിലും സ്വതന്ത്രരല്ലല്ലോ) എന്തിന് നമ്മുടെ സമൂഹത്തിലും, ഭവനങ്ങളിലും നടക്കുന്ന ഏത് സന്തോഷങ്ങളേയും, ദുഃഖങ്ങളേയും നാം ആഘോഷിക്കുന്നതും, ആചരിക്കുന്നതും ഈ ലഹരിപദാർത്ഥങ്ങളുടെ അകമ്പടിയോടെയല്ലേ? ഫലമോ തന്റെ തനിസ്വരൂപത്തിൽ സൃഷ്ടിച്ച മനുഷ്യന്റെ യഥാർത്ഥ പ്രജ്ഞയേയും, വിവേകത്തേയും ഈ വില്ലൻ തന്റെ നിയന്ത്രണത്തിലാക്കുകയല്ലേ?

സർവ്വവും സൃഷ്ടിച്ച സൃഷ്ടാവിന് തന്റെ പുത്രന്റെ ജനനത്തിനായി തിരഞ്ഞെടുത്തത് വെറും കാലിത്തൊഴുത്താണ്. മണിമാളികകളോ, ഭവനങ്ങളോ തിരഞ്ഞെടുക്കാതെ കാലിത്തൊഴുത്തിൽ ഉണ്ണിയേശുവിന് പിറക്കാനുള്ള ഇടം ഒരുക്കുന്നതിലൂടെ ഏറ്റം താഴ്മയും അതിലുപരി ഈ പ്രപഞ്ചത്തിന്റെ പൊതുവായ അംശമായി താൻ ജന്മകൊണ്ട് ചേരുവാനുമാണ് ലക്ഷ്യമിട്ടത്. ആദമിന്റെ അംശം സ്വീകരിച്ച് ഹവ്വയെ സൃഷ്ടിച്ചപ്പോളും, മറിയയെന്ന കന്യകയിൽ പരിശുദ്ധാത്മാവിനാൽ പുത്രനാം ദൈവത്തിനെ സൃഷ്ടിക്കുമ്പോളും, പുരുഷനോട് സ്ത്രീയും, മനുഷ്യനോട് ദൈവവും എത്രമാത്രം ആത്മബന്ധം വരേണം എന്നതായിരുന്നു പിതാവാം ദൈവത്തിന്റെ കാഴ്ചപ്പാട്.

കാലിത്തൊഴുത്തിൽപ്പിറന്ന ഉണ്ണിയേശുവിനെക്കുറിച്ച് ആദ്യം അറിവു ലഭിക്കുന്നതും, ആദ്യം ഉണ്ണിയേശുവിനെ കാണുന്നതും ആട്ടിടയന്മാരാണല്ലോ? ആഴത്തിൽ ചിന്തിച്ചറിയേണം നാമിതിനേയും. എന്തുകൊണ്ട് മണിമാളികയിലുള്ളവർ അവന്റെ ജനനം അറിയാതെ പോയി. പണത്തിനും, പ്രതാപത്തിനും ഒപ്പം നമ്മുടെ സുഖലോലുപതകൾ ഏറുകയും നാം ഭൗതീകമായ നേട്ടങ്ങൾക്കു പിന്നാലെ ഓടുകയും ചെയ്യുമ്പോൾ ആത്മീക തലത്തിൽ ഉണർന്നിരിക്കുവാൻ തത്പരരാകാതെ ഭൗതീകമായ സുഖസുഷുപ്തിയിലാണ്ടു പോകുവാൻ ഇടയാകുന്നു. മറിച്ച് ഭൗതീക സുഖങ്ങൾ കുറഞ്ഞവന്റെ ആത്മീക തലം ഉയർത്തുന്നതും, ഉണർവ്വുള്ളതും ആയിരിക്കുന്നു. അതുകൊണ്ടു മാത്രമല്ലേ ആട്ടിടയന്മാർക്ക് ആ വാർത്ത അറിയുവാനും, ഉണ്ണിയേശുവിനെ ആദ്യം കാണുവാനും ഭാഗ്യം ലഭിച്ചത്.


ആയതിനാൽ നമ്മുടെ രക്ഷകനായ് ഏറ്റം എളിമപ്പെട്ട് മനുഷ്യനായ് പിറന്ന പുത്രനാം ദൈവം നമുക്ക് മാതൃകകാട്ടിത്തരുമ്പോൾ, ആ തിരുപ്പിറവിയുടെ ഓർമ്മ കൊണ്ടാടുന്ന ഈ ക്രിസ്മസ് നാളിൽ നമുക്ക് എളിമപ്പെട്ട് നമ്മുടെ മനസ്സിനേയും, ശരീരത്തേയും ഉണ്ണിയേശുവിന് നമ്മിൽ ജനിക്കുവാൻ പാകത്തിൽ താഴ്ത്തി ഒരുക്കിക്കൊടുക്കാം. അവിടെ നമ്മുടെ ക്രിസ്മസ് ആഘോഷങ്ങളെ പണപ്പെരുപ്പത്തിന്റെ, പ്രതാപത്തിന്റെ ആക്കം കാട്ടുവാനുള്ള വേദി ആക്കാതെ, നമ്മിലുള്ള വിവേകത്തെ മനുഷ്യത്വത്തെ ഒക്കെ നശിപ്പിക്കുവാൻ പ്രാപ്തമായ മദ്യത്തേയും, മയക്കുമരുന്നിനേയും പരിപൂർണ്ണമായി ഉപേക്ഷിച്ച് ഒരാഘോഷമായി അതിനെ മാറ്റാം. അതിലൂടെ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി യത്നിക്കുന്ന മൂല്യബോധവും, സാമൂഹിക പ്രതിബദ്ധതയും ഉള്ള ഒരു ക്രിസ്തീയ കൂട്ടായ്മയുടെ അംഗമായ്പ്പിറക്കുവാൻ നമ്മിലോരോരുത്തർക്കും സാദ്ധ്യമാകട്ടെ. അത്തരം ഒരുൾക്കാഴ്ചയിലൂടെ ഉണർവ്വും, ഉത്തേജനവും ലഭിച്ച ഒരു ക്രിസ്മസിലൂടെയാകട്ടെ നാം ഈ വർഷം കടന്നുപോകുന്നത്. അതാകട്ടെ ഈ നോമ്പുകാലത്തിലൂടെയുള്ള പ്രയാണം നമുക്ക് ആർജ്ജിച്ചു തരുന്നത്.

# സേവന രംഗത്ത് മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റി

കൊച്ചി : വിശപ്പാറിയവന്റെ പ്രാർത്ഥന സ്വർഗ്ഗത്തിൽ നിങ്ങൾക്കുവേണ്ടി സാക്ഷ്യം പറയും. അപ്പോൾ മാർ പക്കോമിയോസ് സൊസൈറ്റിക്കുവേണ്ടി സ്വർഗ്ഗത്തിലുയരുന്നത് ആയിരങ്ങളുടെ സാക്ഷ്യമാവും. പത്തു വർഷം ആയിരങ്ങൾക്കു ഭക്ഷണം വിളമ്പിയ കൈകൾ വിശ്രമമില്ലാതെ ആ കടമ ഇന്നും തുടരുകയാണ്. മൂവാറ്റുപുഴയിലും പരിസരങ്ങളിലുമായി 14 സർക്കാർ ആശുപത്രികളിൽ മുടക്കമില്ലാതെ മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റിയുടെ വാഹനമെത്തുന്നു. അവിടെ വിളമ്പുന്ന ഭക്ഷണം കഴിച്ചു ദിവസവും ആയിരത്തിലധികം പേർ വിശപ്പു മാറ്റുന്നു. മലങ്കര ഓർത്തഡോക്സ് സഭ കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് തുടങ്ങിവെച്ച പ്രമോദം അന്നദാനം പദ്ധതി പത്തു വർഷം പിന്നിട്ടു. പ്രതിദിനം 100 കിലോയ്ക്കുമേൽ അരിയുടെ കഞ്ഞിയും കറികളും വിതരണം ചെയ്യുന്നുണ്ട്. ഇതിനായി ചിലവു വരുന്നത് 12000 രൂപ. എന്നിട്ടും ഒരു ദിവസം പോലും അന്നദാനത്തിനു മുടക്കം വന്നിട്ടില്ല.

രാവിലെ 9 ന് കഞ്ഞിയും കറിയും അച്ചാറുമായി അന്നദാനം പദ്ധതിയുടെ വാഹനം ആശുപത്രിയിലെത്തും. 12 വരെ വിവിധ ആശുപത്രികളിലായി ഭക്ഷണവിതരണം. വടവുകോട് സർക്കാർ ആശുപത്രിയിലായിരുന്നു തുടക്കം. പിന്നീട് മൂവാറ്റുപുഴയിലേക്ക് വ്യാപിപ്പിച്ചു. ഇപ്പോൾ പിറവം, കൂത്താട്ടുകുളം, കടയിരുപ്പ്, വാളകം, രാമമംഗലം, തൊടുപുഴ, മുളന്തുരുത്തി, പണ്ടപ്പിള്ളി, മുളക്കുളം, മണ്ണത്തൂർ, വാരപ്പെട്ടി, പാലക്കുഴ സർക്കാർ ആശുപത്രികളിലും ഭക്ഷണവിതരണമുണ്ട്. കഞ്ഞിക്കൊപ്പം ചെറുപയർ, വൻപയർ, കടല ഇവയിലേതെങ്കിലും കറി, അച്ചാർ എന്നിവയാണ് വിതരണം. പുലർച്ചേ 4.30 ന് മാർ പക്കോമിയോസ് മൗണ്ട് അരമനയിലെ പാചകപ്പുരയിൽ പാചകം തുടങ്ങും. ഒൻപതിനു ഭക്ഷണവുമായി രണ്ടു വാഹനങ്ങൾ ഇരുദിശയിലേക്കും പുറപ്പെടും. ഹർത്താലിനും, എന്തിനേറേ ദുഃഖവെള്ളിയാഴ്ചപോലും ഈ വാഹനങ്ങൾ ഭക്ഷണവുമായി ആശുപത്രിയിലെത്തും. തിരുവോണത്തിനു നാലഞ്ചുതരം കറികളും ഉപ്പേരിയും പായസവും കൂട്ടിയുള്ള സദ്യയാണ് വിളമ്പുക.

ഓരോ ആശുപത്രിയിൽ നിന്ന് ആവശ്യമുയർന്നതനുസരിച്ചാണ് കൂടുതൽ സ്ഥലങ്ങളിലേക്കു ഭക്ഷണവിതരണം വ്യാപിപ്പിച്ചത്. കൂടുതൽ സ്ഥലങ്ങളിൽ നൽകാൻ തയ്യാറാണെങ്കിലും ദൂരവും സമയവും പരിഗണിക്കേണ്ടിവരുമെന്നു മാനേജർ ഫാ.ഡോ.ഒ. പി.വർഗീസ് പറഞ്ഞു.ഭക്ഷണ വിതരണം മാത്രമല്ല, സാധുജന സേവനം ചെയ്യുന്ന 13 സ്ഥാപനങ്ങൾ മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.



മാനസിക വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന പ്രതീക്ഷ സെന്റർ, മരണാസന്നരും ശയ്യാവലംബികളുമായ രോഗികളെ പരിപാലിക്കുന്ന പ്രശാന്തിഭവൻ, മനോദൗർബല്യമുള്ള ആൺകുട്ടികൾക്കായി പിറമാടത്തു പ്രവർത്തിക്കുന്ന പ്രത്യാശാഭവൻ, നിർധന രോഗികൾക്കു ചികിത്സാസഹായം നൽകുന്ന പ്രദാനം സെന്റർ, നിരാലംബരായ മാനസിക രോഗികളെ പാർപ്പിച്ചിരിക്കുന്ന പ്രസന്നം സെന്റർ, നിരാലംബരായ അസംഘടിത തൊഴിലാളികൾക്കു പെൻഷൻ നൽകുന്ന പ്രപാലനം പദ്ധതി, പ്രശാന്തം പാലിയേറ്റീവ് സെന്റർ, പ്രഭാതം കമ്പ്യൂട്ടർ സെന്റർ, പ്രബോധനം റഫറൻസ് ലൈബ്രറി, ഭവന നിർമ്മാണം, വിവാഹം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പ്രാപ്തി പദ്ധതി എന്നിവയാണ് മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റിക്കു കീഴിലെ സംരംഭങ്ങൾ.

വിശക്കുന്നവർക്കു മുന്നിൽ ദൈവമായി പത്താണ്ട് പിന്നിട്ട് 'പ്രമോദം' പദ്ധതി

Thursday 17 December 2015 12:28 AM

by സ്വന്തം ലേഖകൻ




മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രമോദം അന്നദാന പദ്ധതിയുടെ ഭാഗമായി മൂവാറ്റുപുഴ താലൂക്ക് ആശുപത്രിയിൽ ഭക്ഷണ വിതരണം നടത്തുന്നു. ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഫാ. ഡോ. ഒ.പി. വർഗീസ് എന്നിവരെയും കാണാം.



# ക്രിസ്തുമസ്

**ആ**ഘോഷങ്ങൾക്കു വിലമതിക്കാത്ത വ്യക്തികളില്ല. പെരുന്നാൾ കൊണ്ടാടാത്ത മതങ്ങളുമില്ല. പല മതങ്ങളിലും പെരുന്നാൾ ദിനത്തേക്കുറിച്ച് ഭിന്ന അഭിപ്രായങ്ങൾ ഉണ്ടെന്നു വരുകിലും മാറ്റമില്ലാതെ നാം നമ്മുടെ ജന്മദിനം കൊണ്ടാടും പോലെ ഏവരും ഒന്നുപോലെ തർക്കശാഠ്യങ്ങൾക്കു പിടികൊടുക്കാതെ ഇന്നും ആഘോഷിക്കുന്ന ഒരു സുദിനമാണ് ക്രിസ്തുമസ് – യേശുവിന്റെ ജനനം.

ചരിത്രത്തെ രണ്ടായി പിളർത്തി ലോകരക്ഷയ്ക്കായി ലോകത്തിലേക്ക് കടന്നു വന്നവനായ യേശുക്രിസ്തുവിന്റെ ജന്മദിനം ജാതിമതഭേദമന്യേ പ്രപഞ്ചം എമ്പാടും ആഘോഷിക്കപ്പെടുന്നു എന്നിരിക്കവേ ഞാൻ ഒന്നു ചോദിച്ചു കൊള്ളട്ടെ ക്രിസ്തുമസ് എന്ന പദത്തിന്റെ പവിത്രതയ്ക്ക് എന്തെങ്കിലും കോട്ടം തട്ടിയതായി നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ക്രിസ്തുമസ് ഏവരും ആഘോഷിക്കുന്നുണ്ടെങ്കിലും ക്രിസ്തുമസ് എന്ന വാക്കിനെ പലരും പലവിധത്തിൽ തെറ്റായി എഴുതുകയും ഉച്ചരിക്കുകയും ചെയ്യപ്പെടുന്നു. ചിലർ ക്രിസ്തുമസ് എന്ന പദത്തെ ക്രിസ്മസ്സ് എന്നും മറ്റുചിലർ X'mas എന്നും. ഒരുപക്ഷെ അറിവില്ലായ്മയായിരിക്കാം ഇതിന് ആധാരം.

ക്രിസ്തുമസ് എന്ന പദത്തിന്റെ അർത്ഥം Christ + Mas, Masഎന്ന വാക്കിന് സമൂഹം അഥവാ കൂട്ടം എന്നൊക്കെയാണ് അർത്ഥം. അങ്ങനെയാണെങ്കിൽ ഏതു സമൂഹത്തിൽ ക്രിസ്തു ഉണ്ടോ ആ സമൂഹത്തെ ക്രിസ്തുവുള്ള സമൂഹം അല്ലെങ്കിൽ ക്രിസ്തുമസ് എന്നു വിളിക്കാവുന്നതാണ്.

കണക്ക് പഠിക്കുന്ന കുട്ടികളുടെ പുസ്തകതാളുകളിലൂടെ ഒരു നിമിഷം കണ്ണുകൾ ഓടിച്ചാൽ മൂലം അർഹിക്കാത്ത സാങ്കൽപിക കഥാപാത്രങ്ങൾ ആയ X നേയും Y യേയും നമുക്ക് ദർശിക്കുവാനാവും. എന്നാൽ കുട്ടികൾ കണക്കുപുസ്തകത്തിന്റെ പിൻതാങ്ങലോടെ അവയ്ക്കൊക്കെയും മൂല്യം കണ്ടെത്തുകയും ചെയ്യുന്നു. മൂല്യനിർണ്ണയത്തിന് അല്പനിമിഷം മുമ്പ് വരെ X ഉം Y ഉം മൂല്യമില്ലാത്ത വെറും സങ്കല്പം മാത്രമാണ്. അതേപോലെ Christmas എപ്പോഴൊക്കെ X'mas ആകുന്നുവോ അവിടെയും ക്രിസ്തു സങ്കല്പം മാറുകയാണെന്ന സത്യം അഥവാ തിരിച്ചറിവ് നമുക്കുണ്ടാവേണ്ടത് അനിവാര്യമായിരിക്കുകയാണ്.

പഴമയുടെ ദേവഗന്ധം പരത്തുന്ന ആചാരാനുഷ്ഠാനങ്ങളുടെ വിശുദ്ധ ചരിത്രം പേറി ഗമിക്കുന്ന ജനതയാണ് നാം ഓർത്തഡോക്സ് വിശ്വാസികൾ. പൗരാണികതയുടെ പാരമ്പര്യവുമായി ഇഴുകി ചേർന്ന് ഒരു മനസ്സും, ഒരു ശരീരവുമായി ഇഹലോകവാസം നയിക്കുന്ന ഇന്നത്തെ ഓർത്തഡോക്സ് ക്രൈസ്തവ വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടുന്ന തള്ളികളയുവാൻ ആവാത്ത മറ്റൊരുകാര്യം പറഞ്ഞുകൊള്ളട്ടെ. എന്താകുന്നു ഓർത്തഡോക്സ് വിശ്വാസം? നമ്മുടെ വിശ്വാസം എന്നത് ഓർത്തഡോക്സ് എന്ന പദത്തിൽ തന്നെ ഉൾക്കൊണ്ടിരിക്കുന്നു.

ഓർത്തഡോക്സ് എന്ന ഗ്രീക്ക് പദത്തിന് ശരിയായത് (The Right One) എന്നാണ് അർത്ഥം. ഡോക്സാ എന്നാൽ സ്തുതിപ്പ് എന്നും അങ്ങനെ എങ്കിൽ ശരിയായ സ്തുതിപ്പ് നടത്തുന്ന സഭ, സത്യവിശ്വാസം പുലർത്തുന്ന സഭ എന്നൊക്കെയും നമുക്കിതിനെ വിശേഷിപ്പിക്കാവുന്നതാണ്.

കാതോലിക്കാ എന്ന പദത്തിന് 'പൂർണ്ണതയുള്ളത്' എന്നാണ് അർത്ഥം. അപ്പോൾ കാതോലിക്കാ സഭ എന്നാൽ പൂർണ്ണതയുള്ള സഭ എന്നർത്ഥം. ശിരസ്സില്ലാതെ ശരീരം പൂർണ്ണമാകുന്നില്ല. ക്രിസ്തു ഇല്ലാതെ സഭയും ശിരസ്സറ്റ ശരീരവുമായുള്ള ജീവിതം നൊടിനേര ദൈർഘ്യം അർഹിക്കുന്നതാവുന്നു. അതുപോലെ തന്നെ ക്രിസ്തു ഇല്ലാത്ത X Mas അൽപ്പായിസ്സിനു തുല്യമത്രേ. ഈ തിരിച്ചറിവ് ഇന്നത്തേ ലോകം അറിഞ്ഞിരിക്കേണ്ടതാണ്. വരും ജനതയ്ക്ക് പകിട്ട് നഷ്ടപ്പെടാതെ പകർന്നു നൽകേണ്ടതും ആകുന്നു.

ക്രിസ്തുമസ് രാവിൽ ഒരു വശത്ത് ദേവാലയങ്ങളിൽ ക്രിസ്തുവിന്റെ പിറവി ആഘോഷിക്കപ്പെടുമ്പോൾ, മറുവശത്ത് മദ്യക്കുപ്പികളുടെ കഴുത്തറുത്ത് ആഘോഷം പൊടിപൊടിക്കുന്നു. കുഞ്ഞേ നീ ഒന്നറിയുക നിനക്കായ് നിന്റെ യേശു ജന്മം കൊണ്ടിരിക്കുന്നു എന്ന സുവിശേഷം അറിയിക്കുന്ന സഭയുടെ പാരമ്പര്യം ആഘോഷത്തിമിർപ്പിൽ ആഴുന്നത് ശരിയോ? തെറ്റോ? ഒരു നിമിഷം ഒന്ന് ചിന്തിച്ചു നോക്കൂ. ഇവ തിരിച്ചറിയാൻ കൂടിയാണ് ദൈവം മനുഷ്യന് വിവേക ബുദ്ധി നൽകിയിരിക്കുന്നത്. വിവേകം എന്നത് നന്മതിന്മകളെ തിരിച്ചറിയുവാൻ മനുഷ്യനെ സഹായിക്കുന്നു. തിന്മ എപ്പോൾ നന്മയ്ക്ക് വഴിമാറുന്നുവോ അവിടെ ആരംഭം കുറിക്കുകയായ് ദൈവികതയിലേക്കുള്ള യാത്ര.

ഈ ക്രിസ്തുമസ് നിങ്ങൾക്കേവർക്കും നന്മയുടെ നൽവഴി തുറന്നു തരുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ സ്നേഹപൂർവ്വം.......

**അഞ്ചു എൽസാ വർഗീസ്**

# വാർത്തകൾ


## യുവജനപ്രസ്ഥാനം കേന്ദ്ര കലാമേള

**ജനുവരി 9 ന്**

**മാർ ഒസ്താത്തിയോസ് നഗറിൽ (തിരുവല്ല എം.ജി.എം.സ്കൂൾ)**

തിരുവല്ല: യുവജനപ്രസ്ഥാനം കേന്ദ്ര കലാമേള മാർ ഒസ്താത്തിയോസ് നഗറിൽ (എം.ജി.എം. ഹയർ സെക്കണ്ടറി സ്കൂളിൽ) ജനുവരി 9–ാം തീയതി ശനിയാഴ്ച നടക്കും. കേന്ദ്ര പ്രസിഡന്റ് അഭി. യൂഹാനോൻ മാർ പോളികാർപ്പോസ് തിരുമേനി അദ്ധ്യക്ഷത വഹിക്കുന്ന യോഗം കേരളാ സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരൻ ഉദ്ഘാടനം ചെയ്യും. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 800 ൽ അധികം പ്രതിഭാശാലികൾ മത്സരത്തിൽ പങ്കെടുക്കുമെന്ന് കൺവീനർ കെ. വൈ. ബിജു അറിയിച്ചു.

## യുവജനസംഗമം



പരുമല : പരുമല പെരുന്നാളിനോടനുബന്ധിച്ച് ഒ.സി.വൈ.എം. കേന്ദ്ര സമിതിയുടെ നേതൃത്വത്തിൽ യുവജനസംഗമം നടത്തി. സംസ്ഥാന ഡി.ജി.പി. ടി. പി. സെൻകുമാർ ഐ.പി. എസ്. സമ്മേളനം ഉദ്ഘാടനം ചെയ്തു. സമൂഹ്യ ക്ഷേമപ്രവർത്തനങ്ങളിൽ ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ചെയ്യുന്ന നന്മപ്രവർത്തനങ്ങൾ ഏറ്റവും പ്രശംസനീയമാണെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്ര പ്രസിഡന്റ് യൂഹാനോൻ മാർ പോളികർപ്പോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ അനുഗ്രഹസന്ദേശം നടത്തി. പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുറിയാക്കോസ്, ബാബൂജി ഈശോ, യുവജന പ്രസ്ഥാനം ഭാരവാഹികളായ ഫാ. പി. വൈ. ജസൻ, ഫാ. മാത്യൂസ് റ്റി. ജോൺ, പ്രിനു ടി. മാത്യൂസ്, ജോജി പി. തോമസ്, ജോബിൻ ജോർജ്ജ്, ഫാ. അജി.കെ. തോമസ്, ഡോ. ബിനോയി ടി തോമസ്, ഷിജോ മാത്യു, മത്തായി ടി. വർഗീസ്, സിബിൻ ദാനിയേൽ, ജിഷാ മറിയം എൽവിൻ എന്നിവർ പ്രസംഗിച്ചു.

## അവാർഡ് നൽകി



ദുബായ് : സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജന പ്രസ്ഥാനത്തിന്റെ 2015 വർഷത്തെ മാർ തേവോദോസിയോസ് അവാർഡ്, സമൂഹത്തിനു സാമൂഹിക സേവന ജീവകാരുണ്യ കർമ്മപഥങ്ങളിൽ നിസ്വാർത്ഥ സേവനം ചെയ്ത് വരുന്ന മലങ്കര സഭയിലെ ഏറ്റവും അർഹതപ്പെട്ട വ്യക്തിത്വത്തിന് നൽകി വരുന്ന ഈ അവാർഡ് 2015 ഡിസംബർ 26 ന് കൊട്ടാരക്കര – പുനലൂർ ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ തേവോദോറസ് മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ട് മലങ്കര സഭയുടെ കലവാണി ബി.എം.പി. ബാലഗ്രാം പ്രോജക്ടിനു വേണ്ടി പ്രവർത്തിക്കുന്ന റവ. ഫാ. ജി. തോമസ്കുട്ടിക്ക് നൽകപ്പെട്ടു. പ്രസ്തുത ചടങ്ങിൽ റവ. ഫാ. ഷാജി മാത്യൂസ് അദ്ധ്യക്ഷപ്രസംഗവും പ്രസ്ഥാനം ജോ. സെക്രട്ടറിയും അവാർഡ് കമ്മറ്റി കൺവീനറുമായ റെജി ചാക്കോ, സഭാ മാനേജിംഗ് കമ്മറ്റിയംഗം പി. ജി. മാത്യു, ഇടവക ട്രസ്റ്റി എം. എം. കുര്യാക്കോസ്, സെക്രട്ടറി തോമസ് ജോസഫ്, ജോ. ട്രസ്റ്റി ബിനു വർഗീസ്, പ്രസ്ഥാനം വൈസ് പ്രസിഡന്റ് ജോസ് അലക്സ്, സെക്രട്ടറി ബിന്റു മത്തായി, അവാർഡ് കമ്മറ്റി അംഗം മോൻസി ചെറിയാൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

### മേഖല സമ്മേളനം

കൊട്ടാരക്കര : ഒ.സി.വൈ.എം. കൊല്ലം, കൊട്ടാരക്കര, തിരുവനന്തപുരം ഭദ്രാസനങ്ങളുടെ മേഖല സമ്മേളനം ജനുവരി 10–ാം തീയതി 2.30 ന് കോട്ടപ്പുറം സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തപ്പെടും. വൈസ് പ്രസിഡന്റ് ഫാ. ഫിലിപ്പ് തരകൻ അദ്ധ്യക്ഷത വഹിക്കും.

# ജീവിത സന്ദേശത്തിലൂടെ മാർ ഒസ്താത്തിയോസ് സമൂഹത്തെ ധന്യമാക്കി

**വി. എം. സുധീരൻ**



തിരുവല്ല : സ്വന്തം ജീവിതം സന്ദേശമാക്കി സമൂഹത്തെ ധന്യമാക്കുവാൻ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് സാധിച്ചുവെന്ന് കെ.പി.സി.സി. പ്രസിഡന്റ് വി.എം. സുധീരൻ അഭിപ്രായപ്പെട്ടു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം നിരണം ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 16-ാമത് മാർ ഒസ്താത്തിയോസ് പ്രഭാഷണം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. സൗമ്യമായ ഭാഷയിൽ ശക്തമായ ആശയത്തിലൂടെ സമൂഹത്തെ വിശകലനം ചെയ്യാൻ ഒസ്താത്തിയോസ് തിരുമേനിക്ക് കഴിഞ്ഞതായി അദ്ദേഹം പറഞ്ഞു. ധർമ്മങ്ങളും മൂല്യങ്ങളും ഉയർത്തിപ്പിടിച്ച് തിരുത്തൽ ശക്തിയായി നിലകൊണ്ട വ്യക്തിത്വമാണ് മാർ ഒസ്താത്തിയോസ് എന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത ഗീവർഗീസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പോലീത്താ പറഞ്ഞു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ജോസഫ് എം. പുതുശ്ശേരി, ഫാ. ജോൺ ചാക്കോ, ഫാ. ബിജോഷ് തോമസ്, കേന്ദ്ര ട്രഷറാർ ജോജി പി. തോമസ്, ഭദ്രാസന സെക്രട്ടറി മത്തായി ടി. വർഗീസ്, ഭാരവാഹികളായ മാത്തുള്ള ചാക്കോ, തോമസ് മണലേൽ, അനൂപ് വർഗീസ് എന്നിവർ പ്രസംഗിച്ചു.

# കൊച്ചി ഭദ്രാസന വാർഷിക സമ്മേളനം



കൊരട്ടി : ഒ.സി.വൈ.എം. കൊച്ചി ഭദ്രാസന വാർഷിക ഏകദിന സമ്മേളനം കൊരട്ടി സീയോൻ അരമനയിൽ നടന്നു. ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ഹൈക്കോടതി ജസ്റ്റീസ് ഷാജി. പി. ചാലി ഉദ്ഘാടനം ചെയ്തു.കേ ന്ദ്ര ട്രഷറാർ ജോജി പി. തോമസ്, ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജോൺ ജോർജ്, സെക്രട്ടറി അനൂപ് സഖറിയ, ഫാ.ഡേവിഡ് തങ്കച്ചൻ, ഫാ. സി. എം. രാജു, ഷിനോയി പി. ചാക്കോ എന്നിവർ പ്രസംഗിച്ചു. കേന്ദ്ര ജനറൽ സെ ക്രട്ടറി ഫാ. പി. വൈ. ജസൻ, ഡോ.എം. ആർ. സുജിത് എന്നിവർ ക്ലാസ്സ് നയിച്ചു. കേന്ദ്ര പ്രസിഡന്റ് യൂഹാനോൻ മാർ പോളികർപ്പോസ് മെത്രാപ്പോലീത്താ സമാപന സന്ദേശം നൽകി.

# ക്വിസ് മത്സരം




കൊല്ലം : പുത്തൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ക്വിസ് മത്സരം കേന്ദ്ര ട്രഷറാർ ജോജി പി. തോമസ് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. പി.റ്റി. ഷാജൻ അദ്ധ്യക്ഷത വഹിച്ചു. നിതിൻ എ. ചെറിയാൻ, ജിജിൻ ജോണി, എ.വി. ജോൺസൺ, ജിനു കെ.കോശി എന്നിവർ പ്രസംഗിച്ചു.

# മേഖല സമ്മേളനം



പത്തനംതിട്ട : ഒ.സി.വൈ.എം. തുമ്പമൺ ഭദ്രാസനം മേഖലാ സമ്മേളനം വാഴമുട്ടം സെന്റ് ബഹനാൻസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്നു. കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജേക്കബ് ചാക്കോ അദ്ധ്യക്ഷത വഹിച്ചു. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. പി. വൈ. ജസൻ, ട്രഷറാർ ജോജി പി. തോമസ്, ഫാ. ഡോ. കെ. വി. പോൾ, ജിത്ത് ജോൺ, ആകാശ് മാത്യു വർഗീസ്, ജോബിൻ സജി, നിതിൻ എ. ചെറിയാൻ, സോജു ജോഷ എന്നിവർ പ്രസംഗിച്ചു.

# യുവജനപ്രസ്ഥാനം – യു. എ. ഇ. മേഖല 21–ാമത് വാർഷിക സമ്മേളനവും രജത ജൂബിലി സമാപനവും



അൽ ഐൻ : ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യു.എ.ഇ. മേഖലയുടെ 21–ാമത് വാർഷിക സമ്മേളനം ജനുവരി 1–ാം തീയതി വെള്ളിയാഴ്ച അൽ ഐൻ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്നു. രാവിലെ പ്രസ്ഥാനം പ്രസിഡന്റ് മാർ പോളികാർപ്പോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് വാർഷിക സമ്മേളനത്തിന്റെ ഉദ്ഘാടനവും നടത്തപ്പെട്ടു. ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ ചിന്താവിഷയമായ *അവനോ വളരേണം ഞാനോ കുറയേണം* എന്ന വിഷയത്തെ അധികരിച്ച് കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസിയോസ് ക്ലാസ് നയിച്ചു. സമ്മേളനത്തിൽ ഡൽഹി ഭദ്രാസന സെക്രട്ടറി വെരി റവ. എം. എസ്. സ്കറിയാ റമ്പാൻ, ദുബായ് സെന്റ് തോമസ് കത്തീഡ്രൽ വികാരി ഫാ. ഷാജി മാത്യു, ഫാ.തോമസ്കുട്ടി, പ്രസ്ഥാനം ജി.സി.സി. സെക്രട്ടറി ഈശോ അലക്സാണ്ടർ, ഫാ. ജേക്കബ് ജോർജ്ജ്, ഫാ.യാക്കോബ് ബേബി, ഫാ. സ്കറിയാ മാത്യു, ഫാ. ലിജോ ജോസഫ്, ഇടവക ട്രസ്റ്റി ലിങ്കൺ അലക്സ്, സെക്രട്ടറി ലിസൺ ജോർജ്, യൂണിറ്റ് സെക്രട്ടറി ഷാജി മാത്യു, പ്രോഗ്രാം ജനറൽ കൺവീനർ മോൻസൻ പുന്നൂസ് എന്നിവർ ആശംസകൾ അർപ്പിച്ചു.

ഉച്ചയ്ക്കു ശേഷം നടന്ന രജത ജൂബിലി സമാപന സമ്മേളനം ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. യൂഹാനോൻ മാർ പോളികാർപ്പോസ് അദ്ധ്യക്ഷത വഹിച്ചു. വൈ.എം.സി.എ. ഇന്ത്യൻ ദേശീയ പ്രസിഡന്റ് ലെബി ഫിലിപ്പ് മാത്യു മുഖ്യ അതിഥിയായിരുന്നു. ബാബുജി ഈശോ, ഫാ. അജി കെ. ചാക്കോ, സോണൽ പ്രസിഡന്റ് ഫാ. ജോൺ കെ. സാമുവേൽ, സെക്രട്ടറി ഷിജു തോമസ്, ജോ. സെക്രട്ടറിമാരായ ജിഷി ബിന്നി, ഡേവിഡ് മാത്യൂസ്, എന്നിവർ ആശംസകൾ അർപ്പിച്ചു. പ്രസ്ഥാനത്തിന്റെ വാർഷിക മാഗസിനായ യുവദർശനത്തിന്റെ ജൂബിലി സ്പെഷ്യൽ എഡിഷന്റെ പ്രകാശനം പ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ പി.വൈ. ജസൻ നിർവ്വഹിച്ചു. ജൂബിലി സ്പെഷ്യൽ ഗ്രന്ഥമായ ഓർത്തഡോക്സ് വിശ്വാസ ജ്യോതി എന്ന ബുക്കിന്റെ പ്രകാശന കർമ്മം നിയുക്ത സോണൽ പ്രസിഡന്റ് ഫാ. ഷാജൻ വർഗീസ് നിർവ്വഹിച്ചു.

---

## ഞാൻ സെൽഫി

**കവിത**

ഉൾക്കാഴ്ച ലവലേശമില്ലാതെ
അഹം നിറഞ്ഞ ബാഹ്യകാഴ്ചയ്ക്കു
പ്രഥമസ്ഥാനം നൽകി
ആന്തരിക ദർശനത്തിനു നാമിട്ട മറശിലയുടെ
ഓമന പേരല്ലേ സെൽഫി
ഉൾക്കാമ്പിൽ ഘനം ഉൾക്കൊള്ളാതെ
അവനവനിസത്തിനടിവരയിടുന്ന
ദ്വിമുഖ സംസ്ക്കാരത്തിനോശാന പാടാൻ
നാം ഉൾക്കൊണ്ട തിരശ്ശീലയല്ലേ സെൽഫി
അയൽക്കാരന്റെ ഉയർച്ചയ്ക്ക് തട നിർമ്മിക്കുവാൻ
കൗടില്യ സൂത്രം മെനഞ്ഞ
സംസ്ക്കാര ശൂന്യതയ്ക്ക് ഓമനപേരിട്ട്
നാം ചൊല്ലുന്ന പേരല്ലേ സെൽഫി
അവനോ വളരേണം ഞാനോ കുറയേണം
എന്നോതിയ സ്നാപകനുടെ വാക്കുകളെ
കരിമ്പടം കൊണ്ടു മറയ്ക്കുന്ന കൃത്യത്തിന്
നാമിട്ട വാത്സല്യ നാമമല്ലേ സെൽഫി.

**സാബു ജോർജ്**

---

## തിരു അവതാരം

**കവിത**

(രാവിൽ ഗതസമനപ്പൂങ്കാവിലേകനായ് എന്ന രീതി)

1. തന്നിൽ വിശ്വസിക്കുന്നോനുത്തമ ജീവനേകാൻ
മന്നിധിയിൽ സുതനേ-പ്രേഷിച്ച താതസ്നേഹം!!
2. കാലത്തികവതിങ്കൽ കന്യകയിൽ ഉരുവായ് ;
ഉലകത്തിൻ സ്രഷ്ടാവോ!! കാലിക്കൂട്ടിൽ മേവുന്നു!!
3. കന്യകമേരി തന്നിൽ, റൂഹായാൽ ഉല്പാദിതനാം!!
നിത്യപിതാവാകും താൻ!! ഇന്നാളിൽ ജാതം ചെയ്തു!!
4. സന്മനസുള്ളോർക്കായ് ശ്ലോമ്മായോതി മാലാകാ;
കന്മഷം നീക്കീടാനായ് പാരിടത്തിലുദിച്ചു!!!
5. തൂമഞ്ഞു പെയ്തീടുന്ന രജനി കാലത്തിങ്കൽ!!
ആട്ടിടയന്മാരിതാ ആഹ്ലാദ ഗീതം കേൾപ്പൂ!!!
6. പൂർവ്വ ദിക്കിലുദിച്ചോരതുല്യ താരകയാൽ!!!
ഉർവ്വിശ്രേഷ്ഠർ എത്തുന്നു മന്നവനെ വണങ്ങാൻ!!!
7. അപ്പത്തിൻ ഭവനമാം ബേതലേം നഗരിയിൽ!!
അഖിലാണ്ഡേശ്വരനോ അജങ്ങൾക്കൊപ്പം മേവൂ!!!
8. ഇമ്മാനുവേൽ ദേവേശൻ, രക്ഷകനാകും ക്രിസ്തു!!
സമാധാനപ്രഭുവാം പൊന്നുണ്ണിയെ വാഴ്ത്താം!!!
9. സത്യവിശ്വസ, സ്നേഹാൽ, പൊന്നു, മൂരു സദൃശം!!
അത്ഭുത പുംഗവനെ വണങ്ങിടാം എന്നേക്കും!!!

**അയോവാനിസ്**



പരിശുദ്ധ ബസേലിയോസ്
ഗീവർഗീസ് ദ്വിതീയൻ ബാവാ



പരിശുദ്ധ ബസേലിയോസ്
ഔഗേൻ പ്രഥമൻ ബാവാ



പരിശുദ്ധ ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ



പരിശുദ്ധ ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ

# പരിശുദ്ധ പിതാക്കന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച്

**വിശ്വാസികൾ**

OCYM

# ചെന്നൈ സഹായ പദ്ധതി

അതിശക്തമായ മഴയിൽ നാശനഷ്ടം സംഭവിച്ച ചെന്നൈ നഗരത്തിൽ,
ദുരിത ബാധിതരായിട്ടുള്ളവരെ സഹായിക്കുന്നതിനായി
ഒ.സി.വൈ.എം. കേന്ദ്ര സമിതിയുടെ നേതൃത്വത്തിൽ

## സ്പർശം

ചെന്നൈ പുനരധിവാസ പദ്ധതിക്ക് തുടക്കം കുറിച്ചു.
പദ്ധതിയുടെ ഭാഗമായി ആദ്യഗഡു 2 ലക്ഷം രൂപ
ചെന്നൈ ഭദ്രാസനാധിപൻ
അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറസ് മെത്രാപ്പോലീത്തായ്ക്ക്
കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. പി. വൈ. ജസൻ നൽകി.
വൈസ് പ്രസിഡന്റ് ഫാ. ജോൺ ജോർജ്,
കേന്ദ്ര സെക്രട്ടറി ജോബിൻ കെ. ജോർജ്
എന്നിവർ സന്നിഹിതരായിരുന്നു.
സ്പർശം പദ്ധതിയുടെ തുടർ പരിപാടികൾക്കായി
പ്രസിഡന്റ് തിരുമേനിയുടെ കല്പനപ്രകാരം പള്ളികളിൽ നിന്നും
അഭ്യുദയകാംഷികളിൽ നിന്നും പ്രസ്ഥാനം പ്രവർത്തകർ
ധനശേഖരണം നടന്നു വരികയാണ്.



പ്രാർത്ഥിക്കുക !!
സഹകരിക്കുക !!

സ്പർശം
ഒ.സി.വൈ.എം. ചെന്നൈ പുനരധിവാസ പദ്ധതി

Printed and Published by H.G.Yuhanon Mar Policarpos Metropolitan, on behalf of President, Orthodox Youth Movement, St. Thomas Bhavan, Kottayam - 1.
Printed at : Peediakkal Offset Printers, Kavumbhagom, Thiruvalla -2. Phone : 94958 37117, 94479 00996 Cheif Editor : Jogy P. Thomas, Peediakkal,
Managing Editor : Fr. Thomas George Pattasseril. Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997